VOL NO: 04 | ISSUE 31
www.nerpatham.com
mail@nerpatham.com

# നേർപഥം
വാരിക

2020 AUGUST 01 | 1441 DHUL HIJJAH 11 | ₹12

## ധനസമ്പാദനം, വിനിയോഗം: വേണം ചില പ്രായോഗിക കാഴ്ചപ്പാടുകൾ

ലോകം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അതിനിടയിലേക്കാണ് കോവിഡ് എന്ന മഹാമാരി കൂടി വന്നുചേർന്നത്. സാധാരണക്കാരന്റെ ധനാഗമന മാർഗങ്ങൾ പലതും അടഞ്ഞുപോയപ്പോൾ ചെലവുകൾ കുത്തനെ കൂടുകയും ചെയ്തു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ സമീപഭാവിയിൽ തന്നെ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് നാം സാക്ഷിയാവേണ്ടി വരും.



**മനുഷ്യൻ അമാനത്തിന്റെ വാഹകൻ**

**ഖലീഫാ ഉമറിന്റെ കടലാസും കടലിലെറിയപ്പെട്ട പഴവും**

**കാരണങ്ങളെ സമീപിക്കുമ്പോൾ വിശ്വാസി ശ്രദ്ധിക്കേണ്ടത്**

## സലഫികളുടെ സവിശേഷത

മതത്തിന്റെ പേരിൽ മുള പൊട്ടിയിട്ടുള്ള മുഴുവൻ പുതുനിർമിതികളെയും അതിന്റെ നിർമാതാക്കളെയും ശക്തമായി നിരാകരിക്കുന്ന നിലപാടാണ് സലഫിയ്യത്ത്. വിജ്ഞാനം, സംസ്കരണം, പ്രബോധനം എന്ന രീതിയാണ് സലഫികൾ സ്വീകരിച്ചുവരുന്നത്. പ്രവാചകരുടെ ശൈലിയും അതുതന്നെയാണ്. വിജ്ഞാനമാണ് പ്രബോധനത്തിന്റെ ആയുധം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio


Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

നേർപഥം വാരിക / 0185 / 2020 ആഗസ്ത് 01 / 1441 ദുൽഹിജ്ജ 11 / പുസ്തകം 04 / ലക്കം 31



# ധനസമ്പാദനം, വിനിയോഗം: വേണം ചില പ്രായോഗിക കാഴ്ചപ്പാടുകൾ

നബീൽ പയ്യോളി

**മുഖമൊഴി**

സലഫികളുടെ സവിശേഷത / 05

**ജാലകം**

അശജ്ജിന്റെ കഥ / 06
- സി.

**ക്വുർആൻ ദർശനം**

ജുമുഅ,
ഭാഗം 1 / 23
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ക്വുർആൻ പഠനം**

ചെറുപ്പമംഗീകരിച്ച്
വലിയവരാവുക / 25
അബൂഅമീൻ

**ലേഖനം**

മനഃസംതൃപ്തി / 16
അബ്ദുൽ ജബ്ബാർ മദീനി

മനുഷ്യൻ അമാനത്തിന്റെ വാഹകൻ / 18
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

കാരണങ്ങളെ സമീപിക്കുമ്പോൾ
വിശ്വാസി ശ്രദ്ധിക്കേണ്ടത് / 26
ശമീർ മദീനി

ഖലീഫാ ഉമറിന്റെ കടലാസും
കടലിലെറിയപ്പെട്ട പഴവും / 30
മൂസ സ്വലാഹി, കാര

**ഗാനം**

അല്ലാഹുവിൽ അഭയം / 34
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

## നേർപഥം ഷഡ്മാസ കാമ്പയ്ൻ:

# ജില്ലാതല പ്രവർത്തക കൺവെൻഷനുകൾ സമാപിച്ചു

2020 ജൂലൈ 1 മുതൽ ഡിസംബർ 31 വരെ നടക്കുന്ന 'നേർപഥം' വാരികയുടെ ഓൺലൈൻ പ്രചാരണ കാമ്പയ്നിന്റെ ഭാഗമായി മുഴുവൻ ജില്ലകളിലും കൺവെൻഷനുകൾ നടന്നു.

ഓൺലൈൻ സബ്സ്ക്രിപ്ഷൻ, ലൈബ്രറി സ്കീം, നേർപഥം ക്വിസ്, റീഡേഴ്സ് ഫോറം രൂപീകരണം, പ്രമോഷൻ ക്ലബ്ബ് രൂപീകരണം തുടങ്ങിയവയാണ് കാംപയ്നിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ള പ്രധാന പരിപാടികൾ. സൗജന്യമായി ഓൺലൈൻ വരിക്കാരെ ചേർക്കലിന് ഓഗസ്റ്റ് 3ന് തുടക്കം കുറിക്കുന്നതാണ്.

നേർപഥത്തിൽ വന്ന മാറ്റവുകളുമായി ബന്ധപ്പെട്ട് ആഴ്ചതോറും സംഘടിപ്പിക്കുന്ന ക്വിസ്സ് മൽസരത്തിനും, മെഗാ ക്വിസ്സ് മൽസരത്തിനും പരമാവധി പ്രചാരണം നൽകുന്നതിനും വായനക്കാരെ മൽസരത്തിൽ പങ്കെടുപ്പിക്കുന്നതിന് പ്രേരണയും പ്രോൽസാഹനവും നൽകുന്നതിനും കൺവെൻഷനുകളിൽ ധാരണയായി.

ആഗസ്റ്റ് 1 മുതലുള്ള ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക. ആഗസ്റ്റ് 1 മുതൽ ഡിസംബർ 12വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങളിലൂടെ നേടിയ പോയിന്റുകളുടെ അടിസ്ഥാനത്തിലാണ് മെഗാ ഓൺലൈൻ ക്വിസ്സിലേക്കുള്ള പ്രവേശനം സാധ്യമാവുക. മെഗാ മൽസരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം ലാപ്ടോപ്പ്, ടാബ്, സ്മാർട്ട്ഫോൺ സമ്മാനമായി നൽകുന്നതാണ്. കൂടാതെ ശരിയുത്തരമയക്കുന്ന 10 ആളുകൾക്ക് പ്രോൽസാഹന സമ്മാനവും നൽകും.

നേർപഥത്തിന്റെ സ്ഥിരംവായനക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിക്കുന്ന റീഡേഴ്സ് ഫോറം മാസത്തിലൊരു പ്രാവശ്യമെങ്കിലും അംഗങ്ങൾ ഒത്തുകൂടുകയും നേർപഥത്തിൽ വന്ന ശ്രദ്ധേയമായ ലേഖനങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്യുവാനുള്ളതാണ്. ശാഖാതലത്തിൽ നടത്തേണ്ട ഈ പ്രോഗ്രാം പ്രഥമഘട്ടത്തിൽ മണ്ഡലാടിസ്ഥാനത്തിലാണ് സംഘടിപ്പിക്കുക. ഇതിന്റെ ഉദ്ഘാടനം ഓഗസ്റ്റ് 15നു ശേഷം സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കും.

വാരികക്കും, വാരികയിൽ വന്ന ലേഖനങ്ങൾക്കും, കാംപയ്ൻ കാലയളവിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കും വർധിച്ച തോതിൽ പ്രചാരണം നൽകുന്നതിന് ഐ.ടി മേഖലയിൽ വൈദഗ്ധ്യമുള്ള പ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രമോഷൻ ക്ലബ്ബ് ജില്ലാ, മണ്ഡലം തലങ്ങളിൽ രൂപീകരിക്കുന്നതാണ്. പ്രസ്തുത സമിതിയെ ഉപയോഗിച്ച് പ്രചാരണ കാലയളവിൽ ഇന്റലക്ചൽ ഡിബേറ്റ്, വെബിനാർ, പ്രബന്ധരചനാ മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

കോഴിക്കോട് സൗത്ത്, പാലക്കാട്, മലപ്പുറം വെസ്റ്റ്, വയനാട്, കാസർഗോഡ്, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, മലപ്പുറം നോർത്ത്, കൊല്ലം, തിരുവനന്തപുരം, തൃശൂർ, എറണാകുളം, മലപ്പുറം ഈസ്റ്റ്, കണ്ണൂർ, കോഴിക്കോട് നോർത്ത് എന്നിവിടങ്ങളിലാണ് കൺവെൻഷൻ നടന്നത്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ടി.കെ അശ്റഫ്, ഫൈസൽ മൗലവി, നാസിർ ബാലുശ്ശേരി, ഹാരിസ് ബിൻ സലീം, സി.പി സലീം, കെ. സജ്ജാദ്, പ്രിംറോസ്, ഉസ്മാൻ പാലക്കാഴി, മുഹമ്മദ് അൻവർ. ഒ, ശഹബാസ്, ശമീർ മദീനി, അശ്റഫ് സുല്ലമി, ജാബിർ ആലുവ, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, അൻവർ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, അബ്ദുറഹ്മാൻ മദനി, ഹുസൈൻ കാവനൂർ, യു. മുഹമ്മദ് മദനി, നൗഷാദ് മഞ്ചേരി, റഷീദ് കൊടക്കാട്ട്, ഹംസക്കുട്ടി സലഫി, പി.ഒ ഉമർ ഫാറൂഖ്, ഹനീഫ, റിഷാദ് പൂക്കാടഞ്ചേരി, മൊയ്തീൻ മാസ്റ്റർ മണ്ണാർക്കാട്, ഉമർ അത്തോളി, അബ്ദുറഹ്മാൻ, ബശീർ വി.ടി, റഷീദ് മാസ്റ്റർ കാരപ്പുറം, പി.വി അബ്ദുൽ ജലീൽ, നൂർ മാസ്റ്റർ, ബഷീർ കണ്ടത്തിൽ പ്രൊ. അബ്ദുറഷീദ് തിരുവനന്തപുരം, സൈദ് മുഹമ്മദ് കൊല്ലം, ഇസ്ഹാഖ് കരുനാഗപ്പള്ളി, ശംസുദ്ദീൻ ഇടുക്കി, നസീർ വള്ളക്കടവ്, സക്കീർ ഹുസൈൻ കോട്ടയം, കെ.പി ബുഖാരി, മുജീബുല്ല അൻസ്വാരി, അബൂബക്കർ ഉപ്പള, ബശീർ കൊമ്പനടുക്കം, ഇബ്റാഹീം കെ.വി, ജമാൽ മദനി കൊയിലാണ്ടി തുടങ്ങിയവർ നേതൃത്വം നൽകി.

# സലഫികളുടെ സവിശേഷത

പ്രമാണങ്ങൾക്കു മുന്നിൽ കീഴൊതുങ്ങുക എന്ന നയം സ്വീകരിച്ച് മുന്നോട്ടു പോകുന്നവരാണ് സലഫികൾ. ഇത് ക്വുർആനിന്റെയും ഹദീഥിന്റെയും താൽപര്യമാണ് താനും. അല്ലാഹുവിന്റെ ഈ വചനം ശ്രദ്ധിക്കുക: “ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം! അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെ പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല” (ക്വുർആൻ 3:65). ഈ സൂക്തത്തിന്റെ പ്രയോക്താക്കൾ സലഫിയ്യത്തിനെ ആദർശമായി ഉൾക്കൊണ്ടവർ മാത്രമാണ് എന്നത് തിരസ്കരിക്കാനാവാത്ത ഒരു യാഥാർഥ്യമാണ്.

മതത്തിന്റെ പേരിൽ മുള പൊട്ടിയിട്ടുള്ള മുഴുവൻ പുതുനിർമിതികളെയും അതിന്റെ നിർമാതാക്കളെയും ശക്തമായി നിരാകരിക്കുന്ന നിലപാടാണ് സലഫിയ്യത്ത്. കാരണം ഇത്തരം പുതുനിർമിതികൾക്കെതിരെ ഗൗരവമേറിയ താക്കീതുകളാണ് നബിﷺ നടത്തിയിട്ടുള്ളത്. മതത്തിൽ പുതുതായികടത്തിക്കൂട്ടപ്പെടുന്ന മുഴുവൻ കാര്യങ്ങളും നരകത്തിലേക്കുള്ള വഴികളാണെന്ന പ്രവാചകാധ്യാപനമാണ് സലഫികൾക്ക് ഈ വിഷയത്തിലുള്ള വെളിച്ചം.

വിജ്ഞാനം, സംസ്കരണം, പ്രബോധനം എന്ന രീതിയാണ് സലഫികൾ സ്വീകരിച്ചുവരുന്നത്. പ്രവാചകരുടെ ശൈലിയും അതുതന്നെയാണ്. വിജ്ഞാനമാണ് പ്രബോധനത്തിന്റെ ആയുധം. വിജ്ഞാന സമ്പാദനത്തിലൂടെ സ്വയം സംസ്കൃതരായവർ നടത്തുന്ന ബോധനം അതുല്യമായ മാറ്റം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

തൗഹീദ് (ഏകദൈവവിശ്വാസം) പ്രബോധനത്തിന് പ്രഥമപരിഗണന നൽകുന്നവരാണ് സലഫികൾ. പ്രവാചകൻമാരുടെ പ്രബോധനരീതികൾ പഠിക്കുന്ന ആർക്കും സലഫികൾ സ്വീകരിച്ച ഈ വഴിയുടെ പ്രാമാണികത ബോധ്യപ്പെടും. അടിത്തറ ശരിയാവാതെ എടുപ്പുകൾ നിർമിക്കുന്നത് നിരർഥകമാണെന്ന് തിരിച്ചറിയാനുള്ള ശേഷി സലഫികൾക്കുണ്ട്. കേവലം ഉപരിപ്ലവമായ സേവനപ്രവർത്തനങ്ങളല്ല, മനസ്സറിഞ്ഞ; ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്കുള്ള ആശയസംവേദനമാണ് പ്രബോധനം.

തൗഹീദ് പ്രബോധനത്തിന്റെ ഭാഗമാണ് ശിർക്കിനും അതിന്റെ പ്രചാരകർക്കുമെതിരായ പ്രവർത്തനം. സമൂഹത്തെ വഴിതെറ്റിക്കുന്ന ചൂഷണ കേന്ദ്രങ്ങൾക്കെതിരിൽ സന്ധിയില്ലാസമരം പ്രഖ്യാപിച്ചവരാണ് സലഫികൾ. മാരണക്കാർ, ജ്യോൽസ്യൻമാർ, കൈനോട്ടക്കാർ, ജാറവ്യവസായക്കാർ, തിരുശേഷിപ്പിന്റെ പേരിൽ ധനസമ്പാദനം നടത്തുന്നവർ തുടങ്ങിയ ചൂഷകരായ ഇരുട്ടിന്റെ ശക്തികളെ സമൂഹത്തിന് മുന്നിൽ വിചാരണ നടത്തുന്നതിൽ സലഫികളാണ് മുന്നിൽ നിന്നിട്ടുള്ളത്.

ഭീകരത, തീവ്രവാദം തുടങ്ങിയവക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച് അവരോട് എതിർ പക്ഷത്തുനിന്ന് പോരാട്ടം നയിച്ചവരും നയിച്ചുകൊണ്ടിരിക്കുന്നവരുമാണ് സലഫികൾ. ഭീകരതയുടെ നാമ്പുകൾ കണ്ടെത്തി അതിനെ മുളയിലെ നുള്ളിയിടാൻ എന്നും നേതൃത്വം നൽകിയത് സലഫികളായിരുന്നു എന്നത് ചരിത്രം പരിശോധിക്കുന്നവർക്കെല്ലാം വ്യക്തമാവും. എന്നിട്ടും സലഫികളെ തന്നെ ഭീകരതയുമായി കൂട്ടിക്കെട്ടാൻ പാടുപെടുന്ന ജൂത, ശിയാ, സ്വൂഫി ലോബികളെ ലോകം തിരിച്ചറിഞ്ഞ് വരുന്നുണ്ട് എന്നതും ആശ്വാസകരമാണ്.

-സി.
mail@nerpatham.com



# അശജ്ജിന്റെ കഥ

അറേബ്യൻ ഉപദ്വീപിന്റെ കിഴക്കെ പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന അൽഅഹ്സാ പ്രദേശമടങ്ങുന്ന മേഖലയുടെ പഴയപേര് ബഹ്റൈൻ എന്നാണ്. ഹിജ്റ എട്ടാം വർഷത്തിൽ അവിടെനിന്ന് അബ്ദുൽഖൈസ് കുടുംബത്തിലെ ഒരു സംഘം വിശ്വാസികൾ നബിﷺയെ കാണാനായി മദീനയിലേക്ക് പുറപ്പെട്ടു. ഇസ്‌ലാം സ്വീകരിക്കാനുള്ള ആഗ്രഹമാണവരെ ഈ യാത്രക്ക് പ്രേരിപ്പിച്ചത്. അശജ്ജ് അബ്ദുൽഖൈസ് എന്ന് പേരുള്ള ഒരാളായിരുന്നു സംഘത്തലവൻ. കൂട്ടത്തിൽ വിരൂപിയാണെങ്കിലും ചടുലതയും വൈഭവവുമുള്ള വ്യക്തിയായിരുന്നു അശജ്ജ്. നബിﷺ അവരെ പ്രതീക്ഷിച്ചിരിക്കുകയുമായിരുന്നു.

ഇരുപതോളം പേരടങ്ങുന്ന സംഘം മദീനയിലെത്തി. തങ്ങളെ കാത്തിരിക്കുന്ന നബിﷺയെ കണ്ടപ്പോൾ അവർ ആവേശഭരിതരായി വാഹനപ്പുറത്തുനിന്ന് ചാടിയിറങ്ങി, യാത്രാവസ്ത്രം മാറ്റുകയോ വാഹനങ്ങളെ കെട്ടിയിടുകയോ ചെയ്യാതെ ഓടിവന്നു റസൂലിനെ കെട്ടിപ്പിടിക്കാനും കൈയും കാലും പിടിച്ചു ചുംബിക്കാനും തുടങ്ങി.

എന്നാൽ നേതാവായ അശജ്ജ് സാവകാശം വാഹനത്തെ ഒരിടത്ത് തളച്ചശേഷം പൊടിപുരണ്ട ശരീരം തട്ടിവൃത്തിയാക്കി, ഭാണ്ഡത്തിൽനിന്ന് വൃത്തിയുള്ള വസ്ത്രമെടുത്തു ധരിച്ച് സാവധാനം നബിﷺയുടെ അടുത്തേക്കുവന്നു. സംഘത്തിന്റെ ഓരോ ചലനവും സാകൂതം നോക്കിനിന്ന നബിﷺ പള്ളിയിൽ അവരെ സൽക്കരിച്ചിരുത്തി. ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുത്തു. പിന്നീട് എല്ലാവർക്കും സമ്മാനങ്ങൾ നൽകി. അശജ്ജിന് കൂടുതൽ നൽകിയിട്ടു പറഞ്ഞു: 'നിശ്ചയം താങ്കൾക്കു രണ്ടു സൽഗുണങ്ങളുണ്ട്; അവധാനതയും ക്ഷമയും.'

ഇമാം മുസ്‌ലിം ഉദ്ധരിച്ച ഒരു ചരിത്രശകലമാണ് മേൽ വായിച്ചത്. ദൂരദിക്കിൽനിന്ന് വരുന്ന ആ സംഘത്തെ നബിﷺ നന്നായി നിരീക്ഷിച്ചു. പ്രവാചകനോടുള്ള സ്നേഹവും ആവേശവുമായിരുന്നു സംഘത്തിലുള്ളവരെ ഓടിവന്ന് നബിയെ ആലിംഗനം ചെയ്യാൻ പ്രേരിപ്പിച്ചത്. ആ ആവേശത്തെ നബിﷺ അംഗീകരിച്ചു. അവർക്കെല്ലാവർക്കും സമ്മാനവും നൽകി. അശജ്ജിന്ന് കൂടുതൽ വിലപ്പെട്ട സമ്മാനത്തിന്നു പുറമെ, വിശ്വാസികളിൽ എന്നുമുണ്ടായിരിക്കേണ്ട രണ്ട് മഹിതമാതൃകയുടെ പ്രശംസാപത്രവും നൽകി; 'ക്ഷമയും അവധാനത'യും.

വിവേകത്തിനെക്കാൾ വികാരത്തിന് ഇടംലഭിച്ച ഒരു സാമൂഹ്യഘടനയിലാണ് നാം ജീവിക്കുന്നത്. ഉദ്ദേശ്യം നല്ലതാണെങ്കിൽ പോലും അവധാനത വേണമെന്നാണല്ലോ മേൽസംഭവം പഠിപ്പിക്കുന്നത്. അലി്ക പറഞ്ഞതായി തിർമിദി ഉദ്ധരിച്ച ഒരു വചനം ഇങ്ങനെയാണ്: 'നിന്റെ പ്രിയപ്പെട്ടവനെ മിതമായി സ്നേഹിക്കുക. ഒരുദിവസം അവൻ നിന്റെ വെറുക്കപ്പെട്ടവനായേക്കാം. നീ വെറുക്കുന്നവനെ മിതമായി വെറുത്താൽ മതി. ഒരു ദിവസം അവൻ നിന്റെ പ്രിയപ്പെട്ടവനായേക്കാം.'

കുടുംബജീവിതത്തിലായാലും സാമൂഹ്യകൂട്ടായ്മയിലായാലും വൈകാരികത നമ്മെ അനീതി ചെയ്യാൻ പ്രേരിപ്പിച്ചുകൂടാ. 'ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്' എന്നാണ് ക്വുർആൻ (5:8) പഠിപ്പിക്കുന്നത്. ഏതൊരു വിഷയത്തിലും ആഗ്രഹത്തെക്കാളും ആവേശത്തെക്കാളും പ്രധാന്യം കൽപിക്കേണ്ടത് ശരിയോ തെറ്റോ എന്നതിനാണ്. 'മെല്ലെത്തിന്നാൽ മുള്ളും തിന്നാം' എന്ന പഴമൊഴിക്ക് വലിയ അർഥമുണ്ട്.

'അവധാനത അല്ലാഹുവിങ്കൽനിന്നുള്ളതും ധൃതി പിശാചിൽനിന്നുമുള്ളതുമാണ്' എന്ന് നബിﷺ പറഞ്ഞിട്ടുള്ളത് ഓർക്കുക. കുറ്റങ്ങളും കുറവുകളും കണ്ടെത്തി ഊതിവീർപ്പിച്ച് കാണിക്കാൻ ആയിരം കണ്ണുകൾ നമുക്കുചുറ്റുമുണ്ട്. വ്യക്തികളുടെ മതവും ജാതിയും ജനിച്ച നാടും നോക്കി ആരോപണങ്ങൾക്ക് കൊഴുപ്പുകൂട്ടുവാൻ ലജ്ജിക്കാത്ത വർഗീയത വളർന്നുവരികയാണ് നാട്ടിൽ. ആട്ടിനെ പട്ടിയാക്കുന്ന മീഡിയക്കസർത്തുകൾ വേറെയും ശക്തിപ്രാപിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേകിച്ചും അവധാനതയുടെയും വിവേകപൂർവമായ ചുവടുവയ്പിന്റെയും പ്രാധാന്യം പറയേണ്ടതില്ലല്ലോ. ഏതൊരു കൂട്ടായ്മയിലും ഇത്തരം പക്വമായ സമീപനം പ്രധാനമാണ്. പരസ്പരം അഭിപ്രായങ്ങൾ പങ്കുവെക്കുമ്പോൾ വളരെ ചിന്തിച്ചും സന്ദർഭങ്ങൾ മനസ്സിലാക്കിയും ചെയ്യണം. താൽക്കാലികമായ ക്ഷോഭത്തിന്റെയും അമിതാവേശത്തിന്റെയും പക്വതയില്ലാത്ത തീരുമാനങ്ങളുടെയും ദുരനുഭവങ്ങൾ സ്വന്തം ജീവിതത്തിൽനിന്നു തന്നെയാണ് പഠിക്കേണ്ടത്.

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 28



# മനഃസംതൃപ്തി

അല്ലാഹു നൽകിയതിലും അവന്റെ വിധിയിലും തൃപ്തിപ്പെടുക എന്നത് ഉത്തമമായ ഒരു സ്വഭാവഗുണമാണ്. ഈ സ്വഭാവം കൈവരിച്ചവൻ തന്റെ ലക്ഷ്യം നേടിയെന്നും ആഗ്രഹം സഫലീകരിച്ചുവെന്നും തിരുമൊഴികൾ അറിയിക്കുന്നു. അബ്ദുല്ലാഹ് ഇബ്നുഅംറി(റ)ൽനിന്നു നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു:

“ഇസ്‌ലാം സ്വീകരിക്കുകയും ആവശ്യ നിർവഹണത്തിനു മതിയായതും മിച്ചംവരാത്തതുമായ ഉപജീവനം നൽകപ്പെടുകയും തനിക്കു നൽകപ്പെട്ടതിൽ അല്ലാഹു മനഃസംതൃപ്തി ഏകുകയും ചെയ്തവർ തീർച്ചയായും വിജയം വരിച്ചിരിക്കുന്നു” (മുസ്‌ലിം).

വിശുദ്ധ ക്വുർആനിലെ ഏതാനും വചനങ്ങൾക്ക് പ്രാമാണികരായ പണ്ഡിതർ നൽകിയ വിശദീകരണങ്ങൾ ഈ വിഷയത്തിൽ ശ്രദ്ധേയമാണ്.

"ഏതൊരു ആണോപെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും'' (ക്വുർആൻ 16:97).

ഈ വചനത്തിൽ 'നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്' എന്നത് 'മനഃസംതൃപ്തി'യാണ് എന്ന് അലിയ്യി(റ)ൽ നിന്നും മുഹമ്മദ് അൽക്വുറദ്വിയിൽനിന്നും ഹസനുൽബസ്വരിയിൽ നിന്നും നിവേദനമുണ്ട്.

"അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ'' (ക്വുർആൻ 24:32).

ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം അൽബഗവി പറഞ്ഞു: 'ഗിനാ' (ഐശ്വര്യം) എന്നാൽ മനഃസംതൃപ്തിയാണെന്ന് പറയപെട്ടിട്ടുണ്ട്.'

"മറ്റു ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്'' (ക്വുർആൻ 02:201).



ഇതിന്റെ വിശദീകരണത്തിൽ അബൂഹയ്യാൻ പറഞ്ഞു: 'ഉപജീവനത്തിലുള്ള മനഃസംതൃപ്തി, തൗഫീക്വും പാപസുരക്ഷിതത്വവും, പുണ്യാളന്മാരായ സന്താനങ്ങൾ ഇവയാകുന്നു 'ഹസനത്ത്' (നല്ലത്)'

മനഃസംതൃപ്തിയുടെ മഹത്ത്വത്തിലേക്കും അത്യാർത്തിയെ ആക്ഷേപിക്കുന്നതിലേക്കും വെളിച്ചം വീശുമെന്ന് പണ്ഡിതന്മാർ ഉണർത്തിയ ഒരു സംഭവം ഇപ്രകാരമുണ്ട്. തിരുനബി(ﷺ)യുടെ അടുക്കൽ ഒരു ഗ്രാമീണൻ ഉണ്ടായിരിക്കെ അവിടുന്ന് പറഞ്ഞു:

"നിശ്ചയം, സ്വർഗവാസികളിൽ ഒരു വ്യക്തി തന്റെ രക്ഷിതാവിനോട് കൃഷിയിറക്കുന്നതിനു അനുവാദം തേടി. അല്ലാഹു  അദ്ദേഹത്തോട് ചോദിച്ചു: 'നീ ഉദ്ദേശിക്കും വിധമുള്ള സ്വർഗ സുഖങ്ങളിലല്ലേ?' അദ്ദേഹം പറഞ്ഞു: 'അതെ, എന്നാലും ഞാൻ കൃഷി ചെയ്യുന്നത് ഇഷ്ടപ്പെടുന്നു.' അങ്ങനെ അദ്ദേഹം വിത്തെറിഞ്ഞു. വിത്ത് മുളച്ചതും കൃഷി പാകപ്പെട്ടതും വിള കൊയ്യാറായതും ഇമവെട്ടുന്നതിനെ മുൻകടന്നുകൊണ്ടായിരുന്നു. അങ്ങനെ അത് പർവതങ്ങൾക്ക് സമാനമായി. അപ്പോൾ അല്ലാഹു പറഞ്ഞു: 'ആദമിന്റെ പുത്രാ, ഇത് സ്വീകരിച്ചുകൊള്ളുക. നിനക്ക് യാതൊന്നും മതിവരുത്തുകയില്ല.' (ഇത് കേട്ട) ഉടൻ ഒരു ഗ്രാമീണനായ അറബി (നബിയോട്) പറഞ്ഞു: 'അല്ലാഹുവാണേ, ആ വ്യക്തിയെ ക്വുറൈശിയായിട്ടോ അല്ലെങ്കിൽ അൻസ്വാരിയായിട്ടോ മാത്രമെ നിങ്ങൾക്ക് കണുവാൻ കഴിയൂ. കാരണം, അവരാണ് കൃഷിയുടെ ആളുകൾ. എന്നാൽ ഞങ്ങൾ കൃഷിയുടെ ആളുകളല്ല.' അപ്പോൾ തിരുദൂതർ(ﷺ) ചിരിക്കുകയുണ്ടായി'' (ബുഖാരി).

ഈ ഹദീഥിന്റെ വിവരണത്തിൽ ഇമാം ഇബ്നു ഹജർ പറഞ്ഞു: 'ഉള്ളതുകൊണ്ട് മനഃസംതൃപ്തിയിൽ കഴിയുന്നതിന്റെ മഹത്ത്വവും ആർത്തി കാണിക്കുന്നതിനെ ആക്ഷേപിക്കലും ഈ ഹദീഥ് ഉൾകൊള്ളുന്നു.'

'ആദമിന്റെ പുത്രാ, ഇത് സ്വീകരിച്ചുകൊള്ളുക. നിനക്ക് യാതൊന്നും മതിവരുത്തുകയില്ല' എന്ന വചനത്തെ സംബന്ധിച്ച് ഇമാം ഇബ്നുബത്ത്വാൽ പറഞ്ഞു: 'ഉള്ളതുകൊണ്ട് മനഃസംതൃപ്തിയിൽ കഴിയുന്നതിന്റെയും ജീവിതം നിലനിർത്തുവാൻ മതിയായ വിഭവങ്ങളിൽ പരിമിതപ്പെടുന്നതിന്റെയും മഹത്ത്വവും, ആർത്തികാണിക്കുന്നതിന്റെയും അമിതേച്ഛയുടെയും മോശത്തരവും ഈ ഹദീഥ് ഉൾകൊള്ളുന്നു.'

വിശപ്പടക്കുന്നതിനും യാചനയെ ചെറുക്കുവാനും മതിയായ ഉപജീവനത്തിനാണ് തിരുനബി(ﷺ) മുഖ്യ പരിഗണന നൽയിരുന്നതെന്ന് അദ്ദേഹത്തിന്റെ ഒരു പ്രാർഥന വിളിച്ചറിയിക്കുന്നു:




"അല്ലാഹുവേ മുഹമ്മദിന്റെ കുടുംബത്തിന്റെ ഉപജീവനത്തിനെ വിശപ്പടക്കുന്നതും യാചനയെ ചെറുക്കുന്നതും ആക്കേണമേ" (മുസ്‌ലിം).

മനഃസംതൃപ്തിയിലും മതിയായ വിഭവങ്ങളിലും പരിമിതപ്പെട്ട് ധന്യമായ ജീവിതം നയിക്കുന്ന മഹാനായിരുന്നു നബിﷺ. പറഞ്ഞും പ്രാവർത്തികമാക്കിയും അവിടുന്ന് വിരക്തജീവിതത്തിനും ആത്മസംതൃപ്തിയുടെ അനുഗൃഹീത ജീവിതത്തിനും മാതൃകയായി. ഏതാനും സംഭവങ്ങൾ കാണുക:

ഉമർ ഇബ്നുൽഖത്ത്വാബി﵁ൽനിന്നും നിവേദനം; അദ്ദേഹം പറയുന്നു: "ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, താങ്കളുടെ സമുദായത്തിന് ഭൗതികമായ അഭിവൃദ്ധി ഉണ്ടാകുവാൻ അവിടുന്ന് അല്ലാഹുവോട് പ്രാർഥിച്ചാലും. നിശ്ചയം, പേർഷ്യക്കാരും റോമാക്കാരും അല്ലാഹുവിനെ ആരാധിക്കാത്തവരായിട്ടുകൂടി അവർക്ക് അല്ലാഹു ഭൗതികവിശാലത നൽകിയിരിക്കുന്നു.' നിവർന്നിരുന്നു കൊണ്ട് നബിﷺ പറഞ്ഞു: 'ഖത്ത്വാബിന്റെ മകൻ ഉമർ! താങ്കൾക്ക് സംശയമുണ്ടോ! അവർക്കുള്ള സുഖങ്ങളെല്ലാം ഈ ക്ഷണികജീവിതത്തിൽ മുൻകൂട്ടി നൽകിയിരിക്കുകയാണ്' (ബുഖാരി, മുസ്‌ലിം).

ഇബ്നുഉമർ﵁ പറഞ്ഞതായി ഇമാം മുജാഹിദിൽനിന്ന് നിവേദനം: "തിരുദൂതർﷺ എന്റെ ചുമലിൽ പിടിച്ചു. എന്നിട്ടു പറഞ്ഞു: 'താങ്കൾ ഭൗതികലോകത്ത് ഒരു വിദേശിയെപോലെ, അല്ലെങ്കിൽ ഒരു വഴിയാത്രികനെ പോലെ ആയിത്തീരുക.' ഇബ്നുഉമർ﵁ പറയുമായിരുന്നു: 'നീ പ്രദോഷത്തിൽ പ്രവേശിച്ചാൽ പ്രഭാതത്തെ പ്രതീക്ഷിക്കരുത്. പ്രഭാതത്തിൽ പ്രവേശിച്ചാൽ പ്രദോഷത്തെയും പ്രതീക്ഷിക്കരുത്. നീ ആരോഗ്യനാളുകളിൽനിന്ന് രോഗത്തിന്റെനാളുകളിലേക്കും ജീവിതത്തിൽനിന്ന് മരണാനന്തരജീവിതത്തിനും പുണ്യങ്ങൾ സ്വീകരിക്കുക"(ബുഖാരി).

ഉമർ ഇബ്നുൽഖത്ത്വാബി﵁ൽ നിന്നും നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർﷺ ഒരു പായയിൽ കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെയും പായയുടെയും ഇടയിൽ (വിരിപ്പൊന്നും) ഉണ്ടായിരുന്നില്ല. ഈത്തപ്പനനാര് നിറച്ച തോലിന്റെ ഒരുതലയിണ അദ്ദേഹത്തിന്റെ തലക്കടിയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾക്കരികിൽ തോലുകൾ ഊറക്കിടുവാൻ ഉപയോഗിക്കുന്ന കൊന്നയും തലക്കരികിൽ കെട്ടിത്തൂക്കിയ തോൽസഞ്ചികളും ഉണ്ടായിരുന്നു. പായയുടെ അടയാളങ്ങൾ തിരുദൂതരുടെ പാർശ്വഭാഗത്ത് ഞാൻ കണ്ടു. ഞാൻ കരഞ്ഞു. തിരുദൂതർ പറഞ്ഞു: 'താങ്കളെ കരയിപ്പിക്കുന്നത് എന്താണ്? ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, കിസ്റയും ക്വയ്സറും അവിശ്വാസികളായിട്ടും എത്ര മാത്രം ഭൗതിക സുഖങ്ങളിലാണ്. താങ്കൾ അല്ലാഹുവിന്റെ റസൂലായിട്ടും (എത്രമാത്രം ഭൗതിക വിരക്തിയിലാണ്!). തിരുദൂതർ പറഞ്ഞു: 'അവർ രണ്ടുപേർക്കും ഇഹലോക സുഖങ്ങളും താങ്കൾക്ക് പാരത്രിക വിജയവും ആകുന്നത് താങ്കൾ ഇഷ്ടപ്പെടുന്നില്ലേ?" (ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം: "ഗോതമ്പുറൊട്ടിയിൽനിന്ന് (ഭക്ഷിച്ച്) വയറു നിറഞ്ഞിട്ടില്ലാത്ത അവസ്ഥയിലാണ് അല്ലാഹുവിന്റെ റസൂൽﷺ ഭൗതികലോകത്തുനിന്ന് യാത്രയായത്" (ബുഖാരി).

സഹോദരീപുത്രൻ ഉർവയുടെ ചോദ്യത്തിനു മറുപടിയായി ആഇശ﵂ പറയുന്നു:

"സഹോദരിയുടെ പുത്രാ, ഉദയചന്ദ്രനിലേക്ക് ഞങ്ങൾ നോക്കും. പിന്നെയും നോക്കും. രണ്ടു മാസങ്ങളിലായി മൂന്ന് ഉദയചന്ദ്രന്മാർ! അല്ലാഹുവിന്റെ റസൂലിന്റെ വീടുകളിൽ തീ കത്തിക്കപ്പെട്ടിട്ടുണ്ടാവില്ല. (ഉർവ﵁ പറയുന്നു:) 'ഞാൻ ചോദിച്ചു: മാതൃസഹോദരീ, നിങ്ങളുടെ ജീവിതമാർഗം എന്തായിരുന്നു?' അവർ പറഞ്ഞു: 'അൽഅസ്‌വദാനി' അഥവാ വെള്ളവും കാരക്കയും" (ബുഖാരി).

നബീൽ പയ്യോളി
nabeelpayyoly@gmail.com

കവർ സ്റ്റോറി



# ധനസമ്പാദനം, വിനിയോഗം: വേണം ചില പ്രായോഗിക കാഴ്ചപ്പാടുകൾ

**ലോകം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അതിനിടയിലേക്കാണ് കോവിഡ് എന്ന മഹാമാരി കൂടി വന്നുചേർന്നത്. സാധാരണക്കാരന്റെ ധനാഗമന മാർഗങ്ങൾ പലതും അടഞ്ഞുപോയപ്പോൾ ചെലവുകൾ കുത്തനെ കൂടുകയും ചെയ്തു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ സമീപഭാവിയിൽ തന്നെ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് നാം സാക്ഷിയാവേണ്ടി വരും.**

ധനം മനുഷ്യനെ സംബന്ധിച്ചിടത്തോളം അനിവാര്യ ഘടകമാണ്. പണം, സ്വർണം, വെള്ളി, മറ്റുസ്വത്തുവകകൾ, സ്ഥാപനങ്ങൾ എന്നിങ്ങനെ ധനം പലരൂപത്തിലും നമ്മുടെയൊക്കെ അധീനതയിൽ ഉണ്ട്. മനുഷ്യൻ ജീവിതത്തിന്റെ ഭൂരിഭാഗവും ധനസമ്പാദനത്തിനായി നീക്കിവെക്കുന്നവെന്നത് ഒരു യാഥാർഥ്യമാണ്. ബുദ്ധിയും വിവേകവുമുള്ള കാലം മുതൽ അത് ഇല്ലാതാകുന്നത് വരെ മനുഷ്യൻ ധനസമ്പാദനത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടേയിരിക്കും. അൽപം മുതിർന്ന കുട്ടികൾ മുതൽ വൃദ്ധർവരെ ഈ കാ

രൃത്തിൽ നിതാന്തജാഗ്രത പുലർത്തുകയും ചെയ്യുന്നവരാണ്. ഒരു രൂപ കളഞ്ഞുപോയാൽ അത് മനസ്സിലുണ്ടാക്കുന്ന നീറ്റൽ മനുഷ്യനും ധനവും തമ്മിലുള്ള അഭേദ്യ ബന്ധത്തിന്റെ പ്രതിഫലനമാണ്. ധനസമ്പാദനവും വിനിയോഗവും ജീവിതത്തോട് അത്രമേൽ ചേർന്നുനിൽക്കുന്നു. ന്യായമായും അന്യായമായും ധനസമ്പാദനം നടത്തുന്നവർ നമുക്ക് ചുറ്റും ധാരാളമുണ്ട്. പണമുള്ളവന് മാത്രമെ സമൂഹത്തിൽ അംഗീകാരവും പരിഗണനയും ലഭിക്കുകയുള്ളൂ എന്ന പൊതുബോധം പലരെയും അന്യായമായ രീതിയിൽ പണം സമ്പാദിക്കാൻ പ്രേരിപ്പിക്കുന്നു. സാമ്പത്തിക പ്രതിസന്ധി വരുമ്പോൾ ജീവിതംതന്നെ അവസാനിപ്പിക്കുന്നതിന് മനുഷ്യരെ പ്രേരിപ്പിക്കുന്ന ഘടകങ്ങളിൽ വലിയപങ്ക് ഈ മാനസികാവസ്ഥയ്ക്ക് ഉണ്ട് എന്നത് യാഥാർഥ്യമാണ്. വ്യക്തി, കുടുംബം, സമൂഹം, ഭരണകൂടം തുടങ്ങി സമൂഹത്തിന്റെ മുഴുവൻ ഘടകങ്ങളും ഈ മാനസികാവസ്ഥ സൃഷ്ടിക്കുന്നതിൽ പലതലങ്ങളിൽ കരണക്കാരാവുന്നു. ഇത് ആത്മഹത്യ, കൊലപാതകം, കൊള്ള, സംഘർഷങ്ങൾ തുടങ്ങിയ നിരവധി സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമായിത്തീരുന്നു.

ധനസമ്പാദനവും വിനിയോഗവും ശരിയായ രീതിയിൽ മുന്നോട്ടു പോകുന്ന സാഹചര്യം ഉണ്ടായാൽ വ്യക്തി, കുടുംബം, സമൂഹം തുടങ്ങിയ മുഴുവൻ ഘടകങ്ങളിലും സമാധാനവും സന്തോഷവും നിലനിൽക്കും. ഈ തിരിച്ചറിവാണ് ആദ്യം നമുക്ക് ഉണ്ടാവേണ്ടത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സ്വൈര്യം തകർക്കുന്നതിൽ സാമ്പത്തിക രംഗത്തെ അപക്വമായ നിലപാടുകൾ വലിയ പങ്കുവഹിക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ഉണ്ടാകുന്ന സാമ്പത്തിക മാന്ദ്യം അടക്കം വലിയ പ്രത്യാഘാതങ്ങൾ ഈ അപക്വമായ ഇടപെടലുകളുടെ പരിണിത ഫലങ്ങളാണ്. ഒരു സാമൂഹ്യജീവി എന്ന നിലയിൽ ഓരോ മനുഷ്യനും സ്വീകരിക്കുന്ന നയനിലപാടുകൾ അവനെ മാത്രമല്ല അവന് ചുറ്റുമുള്ളവരെക്കൂടി ബാധിക്കുന്നു. ഇത് അടിസ്ഥാനപരമായി ഉണ്ടാവേണ്ട അനിവാര്യമായ തിരിച്ചറിവാണ്. ഞാൻ എന്റെ, എനിക്ക് എന്നതിനപ്പുറം നമ്മൾ എന്ന വലിയ കാൻവാസിനെ കാണാതെ നിലപാടെടുക്കാൻ മനുഷ്യൻ മുതിരരുത്. സാമൂഹ്യജീവി എന്ന നിലയിൽ താൻ മുതൽ ഈ നിലപാട് ബാധിക്കാൻ സാധ്യതയുള്ള ഏറ്റവും അവാസനത്തെ ആൾ വരെ നമ്മുടെ തീരുമാനങ്ങളാൽ സ്വാധീനിക്കപ്പെടണം. എങ്കിൽ പക്വമായ തീരുമാനങ്ങൾ കൈക്കൊള്ളാനും അതിലൂടെ സമാധാനപരമായ ഒരു സാമൂഹികഅന്തരീക്ഷം നിലനിർത്തുവാനും വ്യക്തിപരമായ ഭാഗധേയം നിർവഹിക്കുവാനും ഓരോരുത്തർക്കും സാധിക്കും. അത് കുടുംബം, സമൂഹം, സംസ്ഥാനം, രാജ്യം, ലോകം എന്നിങ്ങനെയുള്ള വലിയ ഇടങ്ങളിലേക്ക് വ്യാപിക്കുമ്പോളാണ് സമാധാന, സുന്ദരമായ ഒരു ലോകം കെട്ടിപ്പടുക്കാൻ സാധ്യമാവുക.

ധന്യത എന്നാൽ ആപേക്ഷികമാണ്. വൈവിധ്യങ്ങളുടെ കേദാരമായ ഈ ലോകത്ത് ധനികൻ എന്നതിന് മാത്രം ഏകത ഉണ്ടാവുക എന്നത് അസംഭവ്യമാണെല്ലോ. അതുകൊണ്ട് ധനികൻ, ദരിദ്രൻ എന്ന കണക്കുകൂട്ടലുകൾ ആപേക്ഷികം മാത്രമാണ്. എന്നാൽ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന, ലോകത്തെ സർവ ചരാചരങ്ങൾക്കും മാർഗദർശനം നൽകിയ പ്രപഞ്ചനാഥനായ അല്ലാഹു അവതരിപ്പിച്ച ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്ന സുപ്രധാന പാഠം നമുക്ക് വലിയ തിരിച്ചറിവ് സമ്മാനിക്കും. പ്രവാചകൻﷺ പറഞ്ഞു: 'ധന്യതയെന്നാൽ വിഭവങ്ങളുടെ ധാരാളിത്തമല്ല. മറിച്ച്, (യഥാർഥ) ധന്യത മനസ്സിന്റെ ധന്യതയാണ് (ബുഖാരി, മുസ്‌ലിം).

മറ്റൊരു നബിവചനത്തിൽ ഇങ്ങനെ കാണാം; നബിﷺ പറഞ്ഞു: 'ധന്യതയെന്നാൽ മനസ്സിന്റെ ധന്യത മാത്രമാണ്. ദാരിദ്ര്യമെന്നാൽ ഹൃദയത്തിന്റെ ദാരിദ്ര്യവും.'



ഈ പ്രവാചക വചനം നമ്മെ ഉണർത്തുന്ന സുപ്രധാനകാര്യം ധന്യത എന്നത് മനസ്സിന്റെ ധന്യതയാണ്, ഉള്ളതുകൊണ്ട് തൃപ്തിപ്പെടണം എന്നതാണ്. ധന സമ്പാദനത്തിനും വിനിയോഗത്തിനും ഉണ്ടാകേണ്ട അടിസ്ഥാനപരമായ കാഴ്ചപ്പാട് അതാണ്. എത്ര ധനം ഉണ്ടായിട്ടും കാര്യമില്ല; മനസ്സമാധാനം ഉണ്ടാകലാണ് പ്രധാനം. ധനികരായ പലരും ആത്മഹത്യ ചെയ്ത വാർത്തകൾ നമ്മൾ നിരവധി തവണ വായിച്ചതാണ്. മനസ്സിന്റെ ധന്യത നഷ്ടമാവാതെ സൂക്ഷിക്കുക പ്രധാനമാണ് എന്ന് സാരം.

തന്റെ സാഹചര്യങ്ങളും വരുമാനമാർഗങ്ങളും പൂർണമായും സ്വന്തത്തെയും കുടുംബത്തെയും ബോധ്യപ്പെടുത്തണം; അതിനനുസരിച്ച് ചെലവുകൾ ക്രമീകരിക്കുകയും വേണം.എങ്കിൽ മനസ്സമാധാനത്തോടെ ജീവിക്കാൻ സാധിക്കും. കോവിഡ് കാലത്ത് നമ്മിൽ പലരും വലിയ മാനസിക സംഘർഷത്തിലാണ്. ചിലരെങ്കിലും നാളെയെക്കുറിച്ച് ആലോചിച്ച് ജീവിതത്തിൽനിന്നും ഒളിച്ചോടി. മറ്റു ചിലർ ഭീതിയിൽ കഴിയുന്നുമുണ്ട്. ഇതെല്ലാം ജീവിതത്തെ പ്രായോഗികമായി സമീപിക്കാത്തതിന്റെ അന്തരഫലമാണ്. നമ്മുടെ ജീവിതത്തെ പ്ലാൻചെയ്യേണ്ടത് നമ്മൾ തന്നെയാണ്. അതിനനുസരിച്ച് കുടുംബത്തെ ബോധ്യപ്പെടുത്തുകകൂടി വേണം. അതിൽ വിജയിക്കാൻ സാധിച്ചാൽ നമ്മുടെ വരുമാനത്തിനുള്ളിൽ നിന്ന് മനസ്സമാധാനത്തോടെയുള്ള ജീവിതം സാധ്യമാവും. മറ്റുള്ളവരെ നോക്കി നമ്മുടെ കാര്യങ്ങൾ തീരുമാനിക്കാൻ നിന്നാൽ ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കുക പ്രയാസകരമാവും. കുടുംബത്തിൽനിന്നും ചുറ്റുപാടുകളിൽനിന്നും വരുന്ന സമ്മർദങ്ങളെ ഫലപ്രദമായി അതിജയിക്കാനുള്ള ഏകമാർഗം നമ്മൾ സുതാര്യമാവുക എന്നതാണ്. ഭാര്യ, മക്കൾ, മാതാപിതാക്കൾ എന്നിവരെ നമ്മുടെ വരുമാന മാർഗങ്ങളെ കുറിച്ച് കൃത്യമായി ബോധ്യപ്പെടുത്തുകയും എന്ത് ആസൂത്രണം ചെയ്യുമ്പോഴും അവരുടെ കൂടി അറിവോടുകൂടിയാവുകയും വേണം. അവരുടെ അഭിപ്രായ, നിർദേശങ്ങൾ പരിഗണിച്ച്, എല്ലാവരുടെയും തീരുമാനമായി കാര്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ പരിധിക്കുള്ളിൽ കാര്യങ്ങളെ നിർത്താനും സമാധാനപരമായ കുടുംബാന്തരീക്ഷം നിലനിർത്താനും സാധ്യമാവും.

വീട്, വിദ്യാഭ്യാസം, വിവാഹം, വാഹനം, ഭക്ഷണം, വസ്ത്രം, വിനോദം, ചികിത്സ, യാത്ര, ആഘോഷങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് അടിസ്ഥാനപരമായി ഒരാൾക്ക് ഉണ്ടാവുന്ന ചെലവുകൾ. ഇതിൽ നമ്മുടെ കുടുബത്തിന്റെ കൂടിയാലോചനയിൽനിന്നും രൂപപ്പെടേണ്ട നയം ഉണ്ട്. തന്റെ വരുമാനത്തിനനുസരിച്ച് ഈ ചെലവുകളെയെല്ലാം ക്രമീകരിക്കണം. അനാവശ്യചെലവുകൾ ഒഴിവാക്കുക. അത്യാവശ്യം ആവശ്യവും സാഹചര്യങ്ങൾക്കനുസരിച്ച് നിർവഹിക്കുക. രണ്ട് കാര്യങ്ങൾ മാത്രം വിശദമായി സൂചിപ്പിക്കട്ടെ.

### വീട്

സമാധാനത്തോടെ അന്തിയുറങ്ങുവാനൊരിടം എന്നത് സ്വപ്നം കാണാത്ത ഒരു മനുഷ്യനും ഉണ്ടാവില്ല. വീടുനിർമാണം ഈ അടിസ്ഥാന ആവശ്യത്തിൽനിന്നും തെന്നിമാറി സഞ്ചരിക്കുമ്പോൾ അത് അസമാധാനത്തിന്റെ കേന്ദ്രമായി മാറുന്നു. സൗകര്യങ്ങളുടെ കാര്യത്തിലും ഡിസൈൻ, സാധന സാമഗ്രികൾ തുടങ്ങി എല്ലാറ്റിലും തന്റെ പരിധിക്കപ്പുറം ചിന്തിക്കുന്നതാണ് പലർക്കും വീടുനിർമാണം ഒരു ഭാരമായി മാറുന്നത്. അഞ്ചുലക്ഷം മുതൽ അൻപത് ലക്ഷമോ അതിന് മുകളിലോ ചെലവ് വരുന്ന വീടുകൾ നമ്മുടെ നാട്ടിൽ നിർമിക്കപ്പെടുന്നുണ്ട്. അ



തിൽ ഏതുവേണം എന്നത് നമ്മളാണ് തീരുമാനിക്കേണ്ടത്. കുടുംബം, അയൽപക്കം, നാട്ടുകാർ, കൂട്ടുകാർ എന്നിവരാവരുത് നമ്മുടെ വീടിന്റെ ബഡ്ജറ്റ് തീരുമാനിക്കേണ്ടത്. പ്രവാസികളോട് പലരോടും 'നിങ്ങൾ എന്തിനീ മണലാരണ്യത്തിൽ വന്നു' എന്ന് ചോദിച്ചാൽ ഉത്തരം ഒരു വീടുവെക്കണം എന്നതായിരിക്കും. എന്നാൽ വർഷങ്ങൾ ചോരനീരാക്കി അധ്വാനിച്ചവർക്ക് പോലും ഒരു വീട് പൂർത്തിയാക്കി സമാധാനത്തോടെ കിടന്നുറങ്ങാൻ സാധിക്കാത്ത അവസ്ഥ പലപ്പോഴും കണ്ടുവരുന്നു.



പാവങ്ങളെ ചൂഷണം ചെയ്യാൻ കണ്ണഞ്ചിപ്പിക്കുന്ന ഓഫറുമായി ബാങ്കുകളും ഭവന വായ്പ സ്ഥാപനങ്ങളും വട്ടിപ്പലിശക്കാരും കാത്തിരിക്കുന്നു. പലിശ എന്ത് തരത്തിൽ ആയാലും അത് നാശത്തിലേക്കേ നയിക്കൂ എന്ന തിരിച്ചറിവ് ഉണ്ടാവാതെ പോകരുത്. കൈയിൽ ഉള്ളതിന് മാത്രം പ്ലാൻ ചെയ്യുക. സാഹചര്യങ്ങൾ അനുകൂലമായാൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താം എന്ന് തീരുമാനിക്കാം. നമ്മൾ ഒറ്റക്കല്ല; കുടുംബവും അങ്ങനെ തീരുമാനിക്കണം. 30 ലക്ഷം രൂപ കയ്യിലുള്ളവൻ 15 ലക്ഷത്തിന്റെ വീട് നിർമിക്കുകയും ബാക്കി 15 ലക്ഷം വരുമാനത്തിനായി നിക്ഷേപിക്കുകയും ചെയ്യുന്നതാണ് ബുദ്ധി. കടംകയറി പട്ടിണികിടക്കേണ്ട അവസ്ഥ ക്ഷണിച്ചുവരുത്തരുത്.

### വിദ്യാഭ്യാസം

സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലകളിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ ഗുണനിലവാരം വർധിക്കാനും ആരോഗ്യകരമായ ഒരു മത്സരാന്തരീക്ഷം ഉണ്ടാകാനും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിധ്യം കാരണമായി എന്ന് വിലയിരുത്തപ്പെടുന്നു. ഇന്ന് സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുക എന്നത് ഒരു ഫാഷനായി മാറിയിരിക്കുന്നു എന്ന ആക്ഷേപം വ്യാപകമാണ്. പ്രീ സ്കൂളുകളിലും പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മക്കളെ പഠിപ്പിക്കുക എന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. നമ്മുടെ കുട്ടി എവിടെ പഠിക്കണം എന്ന് തീരുമാനിക്കാൻ നമുക്കാവണം. സർക്കാർ വിദ്യാലയത്തിൽ പഠിക്കുന്നത് ഒരു മോശം ഏർപ്പാടായി കാണുന്നത് ശരിയല്ല. സാമ്പത്തിക ഭദ്രതയുള്ളവർ അതിനനുസരിച്ചുള്ള ഇടങ്ങളിൽ പഠിക്കട്ടെ. എന്നാൽ ജീവിതച്ചെലവ് കണ്ടെത്താൻ പ്രയാസപ്പെടുന്നവർ വായ്പയെടുത്ത് പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതില്ല എന്നാണ് എന്റെ പക്ഷം. ഉപരിപഠനത്തിന് സാമ്പത്തിക ചെലവേറും എന്നത് യാഥാർഥ്യമാണെന്നതിനാൽ അത്തരം ഒരു ഘട്ടത്തിലേക്ക് സമ്പത്ത് നീക്കി വെക്കുന്നതാണ് ഉചിതം. സ്കോളർഷിപ്പ് അടക്കമുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാനും ശ്രമം ഉണ്ടാവണം. രക്ഷിതാക്കൾ പലരും ഒരു പുരുഷായുസ്സ് മുഴുവൻ മക്കളുടെ വിദ്യാഭ്യാസത്തിന് വേണ്ടി പണം കണ്ടെത്താൻ അധ്വാനിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുക എന്നത് ഒരു വലിയ നിക്ഷേപം തന്നെയാണ്. എന്നാൽ ഈ വിഷയത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കാൻ നാം തയ്യാറാവണം.

ചുരുക്കത്തിൽ, ചെലവഴിക്കുന്ന കാര്യങ്ങളിൽ പ്രായോഗിക സമീപനം സ്വീകരിച്ചാൽ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ തയ്യാറായാൽ ഏത് പ്രതിസന്ധി ഘട്ടത്തിലും പിടിച്ചുനിൽക്കാൻ സാധിക്കും. അല്ലാഹു പറയുന്നു: "കുടുംബബന്ധമുള്ളവന്ന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 17:26,27).

ഇനി വരുമാനം എങ്ങനെ എന്നതു കൂടി ചിന്തിക്കുക. അടിസ്ഥാനപരമായി മനസ്സിലാക്കേണ്ടത് ഈ ലോകത്തെ മുഴുവൻ ജീവജാലങ്ങൾക്കുമുള്ള വിഭവങ്ങൾ ലോകസ്രഷ്ടാവ് സംവിധാനിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു;

"ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്" (ക്വുർആൻ 11:6).

എന്നാൽ തന്റെ ഉപജീവനം തന്നെ തേടിയെത്തും എന്ന് കരുതി വെറുതെയിരിക്കാനല്ല, മറിച്ച് അതിന് വേണ്ട വഴികൾ തേടാനും പരിശ്രമിക്കാനുമാണ് നാം തയ്യാറാവേണ്ടത്. ക്വുർആൻ പറയുന്നു: "രാത്രിയും പകലും നിങ്ങൾ ഉറങ്ങുന്നതും, അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ ഉപജീവനം തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ കേട്ടുമനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:23).

ഈ വചനം കൂടി ഇതിനോട് ചേർത്തു വായിക്കുക: "അല്ലാഹു അവൻ ഉദ്ദേശിക്കുന്ന ചിലർക്ക് ഉപജീവനം വിശാലമാക്കുകയും (മറ്റു ചിലർക്ക് അത്) പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അവർ ഇഹലോകജീവിതത്തിൽ സന്തോഷമടഞ്ഞിരിക്കുന്നു. പരലോകത്തെ അപേക്ഷിച്ച് ഇഹലോകജീവിതം (നിസ്സാരമായ) ഒരു സുഖാനുഭവം മാത്രമാകുന്നു" (ക്വുർആൻ 13:26).

ഈ ആശയം ക്വുർആനിൽ പലപ്രാവശ്യം അല്ലാഹു ആവർത്തിച്ചു പറയുന്നതും കാണാം. നാം ഏറെ ഗൗരവത്തോടെ മനസ്സിൽ കുറിച്ചുവെക്കേണ്ട ആശയമാണിത്. നമുക്ക് ചുറ്റുമുള്ള എല്ലാവർക്കും അവരുടെ ഉപജീവനമാർഗം ഒരുപോലെയല്ലെന്നും അത് തികച്ചും വ്യത്യസ്തമാണ് എന്നും ബോധ്യമുള്ളവർക്ക് മറ്റുള്ളവർക്കനുസരിച്ച് തങ്ങളുടെ കാര്യങ്ങൾ ചെയ്യാൻ എങ്ങനെ സാധിക്കും? തനിക്കുള്ള വരുമാനമാർഗത്തിനപ്പുറം ചിന്തിക്കേണ്ടതില്ലെന്ന് സ്വയം തീരുമാനിക്കാൻ ഈ തിരിച്ചറിവ് കാരണമാകണം.

അത്യാഗ്രഹംമൂലമോ മറ്റുള്ളവരുടെ കൂടെ എത്താൻ വേണ്ടിയോ പലപ്പോഴും പലരും ഹറാമായ രീതിയിൽ ധനം സമ്പാദിക്കുന്നു.

അബൂബർസയിൽ ﷺ നിന്ന് നിവേദനം; നബി ﷺ പറഞ്ഞു: "മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വര ലഭിച്ചാൽ, രണ്ടു താഴ്‌വരകൾ ഉണ്ടാകാൻ അവൻ ആഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ വായ നിറക്കുകയില്ല. പശ്ചാതപിക്കുന്നവന്റെ പശ്ചാതാപം അല്ലാഹു സ്വീകരിക്കും" (ബുഖാരി: 6439).

കുറുക്കുവഴിയിലൂടെ പണക്കാരനാകാനുള്ള മോഹം നിഷിദ്ധ മാർഗങ്ങളിലേക്ക് എത്തിനോക്കാനും അതിന്റെ കൂടെ സഞ്ചരിക്കാനും ആളുകളെ പ്രേരിപ്പിക്കുന്നു. അല്ലാഹു പറയുന്നു: "മനുഷ്യരേ, ഭൂമിയിലുള്ളതിൽനിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷശത്രു തന്നെയാകുന്നു" (ക്വുർആൻ 2:168).

എന്നാൽ അനുവദനീയമായ മാർഗത്തിൽ നമുക്ക് സമ്പാദിക്കാം. പല പ്രത്യയശാസ്ത്രങ്ങളും ഈ വിഷയത്തിൽ പ്രതിലോമകരമായ നിലപാട് സ്വീകരിക്കുമ്പോൾ ഇസ്‌ലാം ഏതൊരാൾക്കും നിഷിദ്ധമല്ലാത്ത മാർഗത്തിൽ കഴിവിന്റെ പരമാവധി സമ്പാദിക്കാനുള്ള അനുവാദം നൽകുന്നു. സമ്പാദിക്കുന്നിടത്തും വിനിയോഗിക്കുന്നിടത്തും പാലിക്കേണ്ട മര്യാദകളും നിയമങ്ങളും ഇസ്‌ലാം ഇതോടൊപ്പം പഠിപ്പിക്കുന്നു എന്നതാണ് ഇസ്‌ലാമിക സാമ്പത്തിക നിയലപാടുകളെ വ്യത്യസ്തമാക്കുന്നത്. സമ്പാദിക്കാനുള്ള അവകാശം ഉള്ളപ്പോൾ തന്നെ നിർബന്ധിതവും ഐച്ഛികവുമായ ദാനധർമങ്ങൾ കൂടി ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. മാത്രമല്ല ദാനധർമങ്ങൾ സാമ്പത്തിക അഭിവൃദ്ധിക്ക് കാരണമാകും എന്നും ക്വുർആൻ ഉണർത്തുന്നു. തികച്ചും പ്രായോഗിക നിലപാടുകളാണ് ഈ രംഗത്ത് ഇസ്‌ലാമിക അധ്യാപനങ്ങളിൽ കാണാൻ സാധിക്കുന്നത്.






“ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ” (ക്വുർആൻ 30:39)


“ഭൂമിയിൽ സഞ്ചരിച്ച് ഉപജീവനംതേടാൻ സൗകര്യപ്പെടാത്തവിധം അല്ലാഹുവിന്റെ മാർഗത്തിൽ വ്യാപൃതരായിട്ടുള്ള ദരിദ്രൻമാർക്ക് വേണ്ടി (നിങ്ങൾ ചെലവ് ചെയ്യുക). (അവരെപ്പറ്റി) അറിവില്ലാത്തവൻ (അവരുടെ) മാന്യത കണ്ട് അവർ ധനികരാണെന്ന് ധരിച്ചേക്കും. എന്നാൽ അവരുടെ ലക്ഷണംകൊണ്ട് നിനക്കവരെ തിരിച്ചറിയാം. അവർ ജനങ്ങളോട് ചോദിച്ച് വിഷമിപ്പിക്കുകയില്ല. നല്ലതായ എന്തൊന്ന് നിങ്ങൾ ചെലവഴിക്കുകയാണെങ്കിലും അല്ലാഹു അത് നല്ലതുപോലെ അറിയുന്നവനാണ്” (ക്വുർആൻ 2:273).

“അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല” (ക്വുർആൻ 2:276).

സമ്പത്ത് ധനികരിൽ മാത്രം കേന്ദ്രീകരിക്കേണ്ട ഒന്നല്ല; അത് സമൂഹത്തിലെ മുഴുവൻ മനുഷ്യരിലേക്കും എത്തേണ്ടതുണ്ട് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. പാവങ്ങളെ ചൂഷണം ചെയ്യുന്ന പലിശയെന്ന നീചവൃത്തിയെ ഇസ്‌ലാം ശക്തമായി എതിർക്കുന്നതോടൊപ്പം സാമ്പത്തിക ക്രയവിക്രയത്തിലൂടെ പണം സമ്പാദിക്കുന്ന കച്ചവടത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അതോടൊപ്പം ചേർത്തുവായിക്കേണ്ട ഒരു കാര്യമുണ്ട്; തൊഴിൽദാതാക്കൾ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് മാന്യമായ വേതനം നൽകുക എന്നതാണത്. വലിയ സാമ്പത്തിക ഭദ്രതയുള്ളവരുടെ കീഴിൽ തുച്ഛമായ വേതനത്തിന് ജോലിചെയ്യുന്നവരെ നമുക്ക് കാണാൻ സാധിക്കും. അവിടെ തൊഴിൽ തർക്കങ്ങളും മറ്റും സ്വാഭാവികം. തൊഴിലാളിയും തൊഴിൽദാദാക്കളും തമ്മിൽ അനാരോഗ്യകരമായ ഒരു പ്രവണത കടന്നുവരികയും മാനസിക സംതൃപ്തിയില്ലാതെ ജോലിചെയ്യുന്ന തൊഴിലാളിയുടെ ക്രിയാത്മകവും ആത്മാർഥവുമായ ഇടപെടലിനപ്പുറം കേവലം യാന്ത്രികതയിലേക്ക് ജോലികൾ ഒതുങ്ങുന്നതിന് കാരണമാവുകയും ചെയ്യും. ഇത് നിർമാണാത്മകതയെ ഇല്ലാതാക്കുകയും നാം ലക്ഷ്യമാക്കുന്ന വളർച്ച പ്രസ്തുത സംരംഭങ്ങൾക്ക് കൈവരിക്കാൻ സാധ്യമല്ലാത്ത അവസ്ഥ സംജാതമാക്കുകയും ചെയ്യും.

ഉദാഹരണം പറയാം. മതപഠന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പലപ്പോഴും തുച്ഛമായിരിക്കും. വലിയ ഫീസ് നൽകി മക്കൾക്ക് ഭൗതിക വിദ്യാഭ്യാസം നൽകുന്ന രക്ഷിതാക്കളും അത്യാവശ്യം ഉയർന്ന ശമ്പളവും സാമ്പത്തിക ഭദ്രതയും ഉള്ളവരുമൊക്കെ മതപഠനത്തിന് പണം ചെലവഴിക്കുന്നിടത്ത് പിശുക്ക് കാണിക്കുന്നതായി കാണാം. മതപഠനം സൗജന്യമായി ലഭിച്ചാൽ പലർക്കും വലിയ സന്തോഷമാണ്. എന്നാൽ മനുഷ്യജീവിതത്തെ സാർഥകമാക്കുന്ന മതപഠനത്തിന് പരമാവധി ചെലവഴിക്കുന്നവരാണ് ബുദ്ധിമാന്മാർ, ഇഹപര വിജയത്തിൽ അത് നൽകുന്ന ലാഭം അതുല്യമാണ് താനും. അത് മനസ്സിലാക്കി മതം പഠിക്കുന്നവർക്ക് മാന്യമായ വേതനം ഉറപ്പുവരുത്തേണ്ടത് അതിനെ ഉപയോഗപ്പെടുത്തുന്നവരും അത്തരം സംരംഭങ്ങളുടെ ഭാരവാഹികളുമാണ്. മതപഠനം നടത്തി എന്നതിന്റെ പേരിൽ ആരും അവഗണിക്കപ്പെടേണ്ടി വരരുത്. അവർ മറ്റുജോലികൾ ചെയ്യുന്നവരെപ്പോലെ നല്ല വേതനം വാങ്ങി നന്നായി ജീവിക്കട്ടെ.




ഉദാരമായി സംഭാവനകൾ നൽകുകയും സകാത്ത് അടക്കമുള്ള ദാന ധർമങ്ങളിൽ ശ്രദ്ധ പുലർത്തുകയും ചെയ്യുന്നവർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവർ സകാത്തിന് അർഹരാകും വിധം സാമ്പത്തിക ഞെരുക്കത്തിൽ ജീവിതം തള്ളി നീക്കുന്ന അവസ്ഥ ഉണ്ടാക്കരുത്. തന്റെ ബാലൻസ് ഷീറ്റിലെ കോടികളുടെ കണക്കുനോക്കി സന്തോഷിക്കാനല്ല; ബാലൻസ് ഷീറ്റിലെ അക്കങ്ങൾ അൽപം കുറഞ്ഞാലും തന്റെ കീഴിൽ ജോലിചെയ്യുന്നവരുടെയും അവരുടെ കുടുംബങ്ങളുടെയും സന്തോഷങ്ങളെ തന്റെ സന്തോഷമായി കാണാൻ കഴിയുന്ന ഔന്നിത്യത്തിലേക്ക് വളരാനാണ് ശ്രമിക്കേണ്ടത്. ബന്ധങ്ങളുടെയോ ബാധ്യതകളുടെയോ പേരിൽ ആരെയും കുറഞ്ഞ വേതനത്തിന് തന്റെ കീഴിൽ കെട്ടിയിടുന്ന അവസ്ഥ തൊഴിൽദാതാക്കളിൽനിന്നും ഉണ്ടാവരുത്. ഏതെങ്കിലും തൊഴിലാളിക്ക് നമ്മൾ നൽകുന്ന വേതനം തൃപ്തികരമായി തോന്നുന്നില്ല എങ്കിൽ അവർക്ക് തൃപ്തികരമായ വേതനം നൽകാൻ ശ്രമിക്കുക; എന്നിട്ടും സാധ്യമല്ല എങ്കിൽ അവർക്ക് മറ്റൊരുജോലി നേടാനുള്ള അനുവാദം നൽകുകയാണ് ചെയ്യേണ്ടത്. തൊഴിലിടങ്ങളിൽ സന്തോഷവും സമാധാനവും ആത്മാർഥതയും ഉണ്ടാകാൻ ഈ നിലപാടുകൾ സഹായകമാവും. എത്ര അധ്വാനിച്ച് സമ്പാദിച്ചാലും നമ്മുടെ ശ്വാസം നിലയ്ക്കുന്നനാളിൽ അതെല്ലാം മറ്റുള്ളവരുടെതായി മാറുമല്ലോ. അപ്പോൾ ജീവിച്ചിരിക്കുമ്പോൾ നമുക്ക് ചുറ്റുമുള്ളവരെ തൃപ്തിപ്പെടുത്തി അവർക്ക് മാന്യമായി ജീവിക്കാനുള്ള സാഹചര്യത്തിന് കാരണക്കാരനായി എന്ന സന്തോഷത്തോടെ ജീവിതം നയിക്കാൻ ശ്രമിക്കുകയല്ലേ നല്ലത്? മറ്റു തൊഴിൽദാതാക്കൾക്ക് മാതൃകയാവാൻ മുസ്‌ലിംകളായ തൊഴിൽദാതാക്കൾ തയ്യാറാവണം. ഇതിലൂടെ ഇസ്‌ലാമിക അധ്യാപനങ്ങളുടെ സൗന്ദര്യം സമൂഹത്തിന് കൈമാറാൻ സാധിക്കുകയും ചെയ്യാം.

ധനസമ്പാദന, വിനിയോഗ കാര്യങ്ങളിൽ തികച്ചും പ്രായോഗിക കാഴ്ചപ്പാടുകൾ സ്വീകരിക്കാൻ തയ്യാറായാൽ നമുക്ക് മാനസിക ധന്യത എന്നും ഉണ്ടാകും. അതോടൊപ്പം സമൂഹത്തിൽ സന്തോഷകരമായ അന്തരീക്ഷം നിലനിർത്താനും സാധിക്കും. സാമ്പത്തിക പ്രതിസന്ധികളിൽ തളരാനല്ല; മറിച്ച് പ്രായോഗിക നിലപാടുകൾ സ്വീകരിച്ച് പ്രതിസന്ധികളെ അതിജയിക്കാനാണ് നാം പഠിക്കേണ്ടത്.

അബൂബർസയിൽﷺ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നാലു കാര്യങ്ങളെ കുറിച്ച് ചോദ്യം ചെയ്യപ്പെടാതെ (പരലോകത്ത്) ഒരടിമയുടെയും ഇരുപാദങ്ങൾ നീങ്ങുക സാധ്യമല്ല. തന്റെ ആയുസ്സ് എന്തിലാണ് വിനിയോഗിച്ചതെന്ന്, തന്റെ അറിവുകൊണ്ട് എന്താണ് പ്രവർത്തിച്ചതെന്ന്, തന്റെ സമ്പത്ത് എവിടെനിന്നാണ് സമ്പാദിച്ചതെന്ന്; എന്തിലാണ് ചെലവഴിച്ചതെന്ന്, തന്റെ ശരീരം എന്തിലാണ് ഉപയോഗപ്പെടുത്തിയതെന്ന്" (തുർമുദി: 2417).

തൊഴിലാളികളോട് പൊതുവിൽ നമുക്കുണ്ടാകേണ്ട സമീപനം ഇസ്‌ലാം പഠിപ്പിക്കുന്നത് ഇങ്ങനെയാണ്:

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങളുടെ തൊഴിലാളികൾ (ഭൃത്യന്മാർ) അല്ലാഹു നിങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്ന നിങ്ങളുടെ സഹോദരന്മാരാണ്. ആരുടെയെങ്കിലും നിയന്ത്രണത്തിൽ വല്ല സഹോദരനുമുണ്ടെങ്കിൽ താൻ തിന്നുന്ന അതേ ആഹാരം അവനെയും ആഹരിപ്പിക്കണം. താൻ ധരിക്കുന്ന അതേവസ്ത്രം അവനെയും ധരിപ്പിക്കണം. അവരുടെ കഴിവിൽ കവിഞ്ഞ ജോലി അവരെ ഏൽപിക്കരുത്. ഇനി ഏൽപിച്ചാലോ അവരെ അതിൽ സഹായിക്കുകയും വേണം" (ബുഖാരി).

ചുരുക്കത്തിൽ, തൊഴിൽദാതാക്കൾ തങ്ങളുടെ തൊഴിലാളികൾക്ക് മാന്യമായ വേതനം നൽകുകയും അവർ സംതൃപ്തരാണെന്ന് ഉറപ്പുവരുത്തുകയും വേണം. അവർക്ക് ആരുടെ മുന്നിലും കൈനീട്ടാതെ മാന്യമായി ജീവിക്കാനുള്ള വക ലഭ്യമാണ് എന്നത് തൊഴിൽദാതാക്കൾ ഉറപ്പ് വരുത്തണം.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 185 - ചോദ്യങ്ങൾ

1) 'അൽജുമുഅ' എത്രാമത്തെ സൂറത്താണ്?
   (1) 62 (2) 66 (3) 82

2) "..............., രിസാലത്ത്, ആഖിറത്ത് എന്നീ മൂന്ന് അടിസ്ഥാനങ്ങളിൽ പടുത്തുയർത്തിയ സമഗ്രമായ സംസ്കരണ പദ്ധതിയാണ് ക്വുർആൻ മനുഷ്യന്റെ മുമ്പിൽ വെക്കുന്നത്."
   (1) ഇഹ്സാൻ (2) ഈമാൻ (3) തൗഹീദ്

3) ഈ ഹദീഥിന്റെ വിവരണത്തിൽ ഇമാം ..................... പറഞ്ഞു: 'ഉള്ളതുകൊണ്ട് മനഃസംതൃപ്തിയിൽ കഴിയുന്നതിന്റെ മഹത്ത്വവും ആർത്തി കാണിക്കുന്നതിനെ ആക്ഷേപിക്കലും ഈ ഹദീഥ് ഉൾകൊള്ളുന്നു.'
   (1) ശൈഖ് അൽബാനി (2) ഇബ്നുഹജർ (3) ഇബ്നു കഥീർ

4) "ഇസ്‌ലാം സ്വീകരിക്കുകയും ആവശ്യനിർവഹണത്തിനു മതിയായതും മിച്ചംവരാത്തതുമായ ഉപജീവനം നൽകപ്പെടുകയും തനിക്കു നൽകപ്പെട്ടതിൽ അല്ലാഹു ............ ഏകുകയും ചെയ്തവർ തീർച്ചയായും വിജയം വരിച്ചിരിക്കുന്നു."
   (1) മനഃസംതൃപ്തി (2) സൻമാർഗം (3) ആത്മാർഥത

5) 'നീ പ്രദോഷത്തിൽ പ്രവേശിച്ചാൽ പ്രഭാതത്തെ പ്രതീക്ഷിക്കരുത്. പ്രഭാതത്തിൽ പ്രവേശിച്ചാൽ പ്രദോഷത്തെയും പ്രതീക്ഷിക്കരുത്. നീ ആരോഗ്യനാളുകളിൽനിന്ന് രോഗത്തിന്റെ നാളുകളിലേക്കും ജീവിതത്തിൽനിന്ന് മരണാനന്തര ജീവിതത്തിനും പുണ്യങ്ങൾ സ്വീകരിക്കുക"(ബുഖാരി). ഇത് ആരു പറഞ്ഞതാണ്?
   (1) അലി(റ) (2) ഉമർ(റ) (3) ഇബ്നുഉമർ(റ)

6) നബി(സ്വ) പറഞ്ഞു: 'ഏതൊരു ജനതയിൽ (വ്യഭിചാരം പോലുള്ള) അധാർമികതകൾ പരസ്യമാവുകയും പ്രചരിക്കുകയും ചെയ്യുന്നുവോ അവരിൽ മുൻകാലക്കാർക്ക് പരിചയമില്ലാത്ത ..................... ദുരിതങ്ങളും പരക്കുന്നതാണ്.
   (1) ഭൂകമ്പവും (2) മാരകരോഗങ്ങളും (3) ഭയപ്പാടും

7) ദീർഘായുസ്സ് കിട്ടുവാനും ഉപജീവനത്തിൽ വിശാലത കൈവരുവാനും ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ എന്തുചെയ്യുവാനാണ് നബി(സ്വ) നിർദേശിച്ചത്?
   (1) സത്യം പറയുവാൻ (2) അനാഥരെ സഹായിക്കാൻ (3) കുടുംബബന്ധം ചേർക്കുവാൻ

8) നബി(സ്വ) പറഞ്ഞു: "മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വര ലഭിച്ചാൽ, രണ്ടു താഴ്‌വരകൾ ഉണ്ടാകാൻ അവൻ ആഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ വായ നിറക്കുകയില്ല. പശ്ചാതപിക്കുന്നവന്റെ പശ്ചാതാപം അല്ലാഹു സ്വീകരിക്കും" (ബുഖാരി: 6439). ഈ ഹദീഥ് ഉദ്ധരിക്കുന്ന സ്വഹാബി?
   (1) അബൂബർസ(റ) (2) അബൂഹുറയ്റ(റ) (3) അബൂത്വൽഹ(റ)

9) "അവധാനത അല്ലാഹുവിങ്കൽനിന്നുള്ളതും ..................... പിശാചിൽനിന്നുമുള്ളതുമാണ്" എന്ന് നബി(സ്വ) പറഞ്ഞിട്ടുള്ളത് ഓർക്കുക."
   (1) അനുസരണം (2) ധൃതി (3) പിശുക്ക്


10) അറേബ്യൻ ഉപദ്വീപിന്റെ കിഴക്കെ പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന അൽഅഹ്സാ പ്രദേശമടങ്ങുന്ന മേഖലയുടെ പഴയ പേര്?
   (1) യർമൂക്ക് (2) ബസ്വറ (3) ബഹ്റൈൻ

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



മനുഷ്യൻ ക്വുർആനിൽ 2



# മനുഷ്യൻ അമാനത്തിന്റെ വാഹകൻ

ലക്ഷത്തിൽ പരം നബിമാർ ലോകത്ത് നിയുക്തരായിട്ടുണ്ട്. അവരിൽ വിശ്വസിച്ച അനുയായികൾ അതിന്റെ പേരിൽ ഏറെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. യുദ്ധങ്ങളും രക്തസാക്ഷിത്വങ്ങളുമുണ്ടായി. സ്വയം ജീവിക്കാൻ വേണ്ടിയായിരുന്നില്ല; മറിച്ച് തങ്ങളിലേൽപിക്കപ്പെട്ട ദൗത്യം നിർവഹിക്കുവാൻ വേണ്ടിയായിരുന്നു അവർ അതെല്ലാം സഹിച്ചത്. മനുഷ്യന്റെ പ്രത്യേകതകളിലൊന്നാണ് ഈ അമാനത്ത് (വിശ്വസിച്ചേൽപിക്കപ്പെട്ട ദൗത്യം).

"തീർച്ചയായും നാം ആ അമാനത്ത് ആകാശങ്ങളുടെയും ഭൂമിയുടെയും പർവതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവർ വിസമ്മതിക്കുകയും അതിനെപ്പറ്റി അവർക്ക് പേടിതോന്നുകയും ചെയ്തു. മനുഷ്യൻ അതേറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമാകുന്നു" (33:72).

ജനിച്ച് പ്രകൃതിദത്തമായ വികാരങ്ങളും ചേഷ്ട കളും പ്രകടിപ്പിച്ചു ജീവിച്ച് മരിച്ചുപോവുക എന്ന താണ് എല്ലാ ജീവികളുടെയും അവസ്ഥ. അതിൽ നിന്നു വ്യത്യസ്തമായി മനുഷ്യന്ന് മാത്രമായുള്ള ഉ ത്തരവാദിത്തത്തെയാണ് മേൽവചനം സൂചിപ്പിക്കു ന്നത്. ആകാശഗോളങ്ങൾക്കോ മഹാപർവതങ്ങൾ ക്കോ കഴിയാത്ത കാര്യമാണ് അമാനത്ത്. അവയൊ ക്കെ അവയ്ക്ക് നിശ്ചയിക്കപ്പെട്ട പ്രകൃതിനിയമങ്ങൾ ക്ക് വിധേയപ്പെടാനേ കഴിയൂ. മനുഷ്യൻ അങ്ങനെ യല്ല. ബുദ്ധിയും ഇഛാശക്തിയും നൽകപ്പെട്ട അവ ന് നിർമാണത്തിനും നശീകരണത്തിനും കഴിയും. സന്മനസ്സ് നേടിയവർ നന്മകൾ ചേയ്ത് വിജയം പ്രാ പിക്കും. അല്ലാത്തവർ പരാജയപ്പെടും.

അതിനാൽ ഈ അമാനത്ത് നേരാംവണ്ണം ഏറ്റെ ടുത്ത് നിർവഹിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. അല്ലാഹുവിനോടാണ് അവന്ന് അമാനത്ത് നിർവഹി ക്കാനുള്ളത്. അവന്റെ മാർഗനിർദേശങ്ങൾ ഏറ്റെടു ക്കുക വഴി തന്റെ സ്വന്തത്തിനോടും കുടുംബത്തി നോടും സമൂഹത്തിനോടും ഇതരജീവജാലങ്ങളോ ടും ഈ പ്രകൃതിയോടും മനുഷ്യന്ന് ഉത്തരവാദിത്ത മുണ്ട്.

“അപ്പോൾ നാം നിങ്ങളെ വ്യർഥ സൃഷ്ടിച്ചതാണെ ന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുക യില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാ ണോ?” (23:115).

ആദമി﵇നെയും ഹവ്വാ﵇യെയും സ്വർഗത്തിൽനി ന്ന് ഭൂമിയിൽ ജീവിക്കാനയച്ചപ്പോൾ അല്ലാഹു പറ ഞ്ഞു: “നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെനി ന്ന് ഇറങ്ങുക. എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർ ഗ ദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെ ടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല”(2:38).

ഈ ബാധ്യതകളെപ്പറ്റിയുള്ള ഓർമപ്പെടുത്തലാ ണ് ക്വുർആൻ വചനങ്ങളിലെ അധികഭാഗവും. ‘അ ല്ലയോ ജനങ്ങളേ,’ ‘വിശ്വാസികളേ,’ ‘നബിയേ,’ ‘ഇ സ്റാഈൽ സന്തതികളേ,’ ‘വേദക്കാരേ,’ ‘ആദംസ ന്തതികളേ’ തുടങ്ങിയ സംബോധനകളിലൂടെയാണ് മനുഷ്യന്ന് അല്ലാഹു ജീവിതത്തിലെ വിധിവിലക്കു കൾ പഠിപ്പിച്ചിരിക്കുന്നത്.

“സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീ തുനൽകുന്നവരുമായ ദൂതന്മാരായിരുന്നു അവർ. ആ ദൂതന്മാർക്കു ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്നെ തിരിൽ ഒരു ന്യായനും ഇല്ലാതിരിക്കാൻ വേണ്ടിയാ ണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു” (4:165).

### മനുഷ്യന്റെ അമാനത്ത്: വിവിധ തലങ്ങളിൽ

മുൻകഴിഞ്ഞ നബിമാരും വേദങ്ങളും മനുഷ്യസ മൂഹത്തിന് എല്ലാകാലത്തും നൽകിയ സന്ദേശം അ ടിസ്ഥാന പരമായി ഒന്നുതന്നെയായി രുന്നു; തൗഹീദ് (ഏകദൈവാരാധന), രിസാലത്ത് (പ്രവാചക ദൗത്യം), ആ ഖിറത്ത് (പരലോക വിശ്വാസം) എന്നീ മൂന്ന് കാര്യങ്ങൾ. ഇതുതന്നെയാണ് ക്വുർആനും പഠിപ്പിക്കുന്നത്.

“(മുഹമ്മദ് നബിയിൽ) വിശ്വസിച്ച വരോ, യഹൂദമതം സ്വീകരിച്ചവരോ, ക്രൈസ്തവരോ, സാബികളോ (അറേ ബ്യയിലെ പുരാതന മതവിഭാഗം) ആരാ കട്ടെ അല്ലാഹുവിലും അന്ത്യദിനത്തി ലും വിശ്വസിക്കുകയും സൽകർമം പ്ര വർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അവരുട രക്ഷിതാവിങ്കൽ അവർ അർ ഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കും. അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല” (2:62).

അല്ലാഹു മനുഷ്യനെ ഏൽപിച്ചത് പ്രഥമമായി തൗഹീദ് അംഗീകരിക്കണ മെന്നാണ്. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംരക്ഷിക്കുന്ന, മനുഷ്യരുടെ നന്മതി ന്മകൾ നിർണയിക്കുന്ന, നന്മചെയ്ത വർക്ക് രക്ഷയും അല്ലാത്തവർക്ക് ശി ക്ഷയും നൽകുന്നവൻ അല്ലാഹു മാ ത്രമാണെന്ന വിശ്വാസമാണ് തൗഹീ ദിന്റെ ഒരു ഘടകം. ഈ വിശ്വാസം നി



ലനിർത്തിക്കൊണ്ട് അല്ലാഹുവിന്ന് മാത്രം ആരാധകളർപ്പിക്കുക എന്നതാണ് അതിന്റെ മറ്റൊരു ഘടകം. വേദഗ്രന്ഥങ്ങളിലൂടെയും നബിമാർമുഖേനയും അല്ലാഹു പഠിപ്പിച്ച തന്റെ നാമവിശേഷണങ്ങളിൽ മറ്റാർക്കും പങ്കില്ലെന്ന വിശ്വാസവും സമീപനവുമാണ് തൗഹീദിന്റെ മൂന്നാമത്തെ ഘടകം.

“ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ താങ്കൾ അവനെ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്നു പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?” (19:65).

ദൈവവിശ്വാസവും വിശ്വാസികളും ഇന്നുള്ളപോലെ എല്ലാനബിമാരുടെ കാലത്തും ഉണ്ടായിരുന്നു വെങ്കിലും തൗഹീദീവിശ്വാസത്തിന്റെ ഈ ചട്ടക്കൂട്ടിൽ അവർ അധികപേരും ഒതുങ്ങിനിന്നില്ല. പലകാലത്തും തൗഹീദിനെ പലരൂപത്തിലാണ് വികലമാക്കിയത്. ചിലർ സ്രഷ്ടാവും നിയന്താവും(റബ്ബ്) അല്ലാഹുവാണെന്ന് അംഗീകരിച്ചു. പക്ഷേ, ആരാധനയിൽ പങ്കുചേർത്തു. തങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുവാൻ കഴിവുണ്ടെന്ന് വിശ്വസിച്ചു മഹാന്മാരോട് പ്രാർഥിക്കുകയും അവരെ ആരാധനയിൽ പങ്കുചേർക്കുകയും ചെയ്തു. ചിലർ ശരിയുംതെറ്റും നിർണയിക്കാനുള്ള അധികാരം സൃഷ്ടികൾക്കുണ്ടെന്ന് വിശ്വസിച്ചു. പുരോഹിതന്മാർക്ക് മതനിയമങ്ങൾ നിർമിക്കാനുള്ള അവകാശം അനുവദിച്ചുകൊടുത്തു. ചിലർ അല്ലാഹുവിന്ന് മാത്രമുള്ള നാമവിശേഷണങ്ങളിൽ മഹാന്മാരായ ചിലർക്കുകൂടി പങ്കുള്ളതായി വിശ്വസിച്ചു. അല്ലാഹുവിന്ന് പുത്രന്മാരും പുത്രികളുമുണ്ട് എന്നുവരെ ചിലർ വിശ്വസിച്ചു. എന്നാൽ ക്വുർആൻ അല്ലാഹുവിന്റെ എല്ലാ അർഥത്തിലുമുള്ള ഏകത്വമാണ് മനുഷ്യനെ പഠിപ്പിച്ചത്.

“പറയുക കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്നു തുല്യനായി ആരും തന്നെ ഇല്ലതാനും” (112:1-4).



## മനുഷ്യനും രിസാലത്തും

വിശുദ്ധക്വുർആനും അതിന്റെ വിവരണവുമാണ് പ്രവാചക സന്ദേശത്തിന്റെ ആകെത്തുക. ക്വുർആനിലെ ഓരോ വചനം അവതരിക്കുമ്പോഴും അതിന്റെ വിവരണവും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട രീതിയും വഹ്‌യിന്റെ (ദിവ്യബോധനം) അടിസ്ഥാനത്തിൽതന്നെ നബിﷺ വിവരിച്ചു.

“അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു'' (ക്വുർആൻ 53:3,4).

നബിﷺയുടെ ജീവിതം ക്വുർആനാണ്. അഥവാ ക്വുർആനിന്റെ വിവരണമാണ്. തന്റെ വാക്കിൽകൂടിയും പ്രവർത്തനങ്ങളിൽകൂടിയും അനുയായികളിൽ കാണുന്ന പ്രവൃത്തികളെ അംഗീകരിച്ചുകൊണ്ടും തിരുത്തിയും നബിﷺ ആ ദൗത്യം നിർവഹിച്ചു.

“തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്നും തന്നെയുള്ള ഒരു ദുതനെ നിയോഗിക്കുകവഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്കു നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയു ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു” (ക്വുർആൻ 3:164).

നബിﷺ പഠിപ്പിച്ചതെന്തോ അത് സ്വീകരിക്കുകയും അദ്ദേഹം വിരോധിച്ചതെന്തോ അത് ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ മാത്രമെ ഒരാൾ രിസാലത്തിൽ വിശ്വസിച്ചവനാകൂ; ‘മുഹമ്മദുർറസൂലുല്ലാഹ്’ എന്ന സാക്ഷ്യം പൂർണാർഥത്തിൽ ഉൾക്കൊണ്ടവനാകൂ.

“ഇല്ല, തന്റെ രക്ഷിതാവിനെ തന്നെയാണ സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല” (ക്വുർആൻ 4:65).

നിർബന്ധവും ഐഛികവുമായ അനുഷ്ഠാന കർമങ്ങൾ, സത്യവിശ്വാസത്തിലധിഷ്ഠിതമായ ജീവിത വ്യവഹാരങ്ങൾ, നിഷ്ഠകൾ, സ്വഭാവങ്ങൾ, ഇടപാടുകൾ, ഉദ്ബോധനപ്രവർത്തനങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും രിസാലത്തിൽ ഉൾകൊള്ളുന്നു. ഇതിന്റെ ഒരു സംക്ഷിപ്തരൂപമാണ് സൂറഃഅൽ അസ്വ്റിൽ വിവരിച്ചിരിക്കുന്നത്.

“കാലം തന്നെയാണ് സത്യം; തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ” (ക്വുർആൻ 103:13).

നബിﷺ പഠിപ്പിച്ചതിന്നപ്പുറം വല്ലതും മതനടപടികളായി നിർമിക്കുവാനോ കൂട്ടിച്ചേർക്കുവാനോ കുറക്കുവാനോ ആർക്കും അവകാശമില്ല. അത്തരം നടപടികൾ വിശ്വാസത്തിന്റെ ലംഘനവും അല്ലാഹുവിങ്കൽ അസ്വീകാര്യവുമാണ്.

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെസംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു” (ക്വുർആൻ 22:36).


### മനുഷ്യന് പുനർജീവിതമുണ്ട്

ക്വുർആൻ വചനങ്ങളിൽ മുഖ്യമായ ഒരു ഭാഗം പരലോകത്തെപ്പറ്റിയാണ് പരാമർശിക്കുന്നത്. ഈ ജീവിതം ഇഹലോകത്തോടെ അവസാനിക്കുന്നില്ലെന്നും എല്ലാമനുഷ്യർക്കും അവരവരുടെ കർമഫലം അനുഭവിക്കുന്ന മറ്റൊരു ജീവിതമുണ്ടെന്നും മുൻവേദങ്ങളും നബിമാരും പഠിപ്പിച്ചിട്ടുണ്ട്.

“അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? (കടമകൾ) നിറവേറ്റിയ ഇബ്റാഹീമിന്റെയും (പത്രികകളിൽ). അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും, മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും, അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം? പിന്നീട് അവന് അതിന് ഏറ്റവും പൂർണമായ പ്രതിഫലം നൽകപ്പെടുന്നതാണെന്നും, നിന്റെ രക്ഷിതാവിങ്കലേക്കാണ് എല്ലാം ചെന്ന് അവസാനിക്കുന്നതെന്നും” (ക്വുർആൻ 53:36-42).

“അപ്പോൾ ആർ ഒരണുവിന്റെ തൂക്കം നന്മചെയ്തിരുന്നോ അവൻ അത് കാണും. ആർ ഒരണുവിന്റെ തൂക്കം തിന്മചെയ്തിരുന്നുവോ അവൻ അതും കാണും” (ക്വുർആൻ 99:78).

“തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ) പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു” (ക്വുർആൻ 64:7).





## മനുഷ്യന്റെ സമ്പൂർണ സംസ്‌കരണം

തൗഹീദ്, രിസാലത്ത്, ആഖിറത്ത് എന്നീ മൂന്ന് അടിസ്ഥാനങ്ങളിൽ പടുത്തുയർത്തിയ സമഗ്രമായ സംസ്‌കരണ പദ്ധതിയാണ് ക്വുർആൻ മനുഷ്യന്റെ മുമ്പിൽ വെക്കുന്നത്. ഐതിഹ്യങ്ങളും മിഥ്യയായ സങ്കൽപങ്ങളും ക്വുർആൻ നിരാകരിച്ചു. ചിന്തയെയും ബുദ്ധിപരമായ സമീപനത്തെയും അംഗീകരിച്ചു.

"ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ചു മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്'' (ക്വുർആൻ 22:46).

"ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തുനിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നൽകിയതിലും, ഭൂമിയിൽ എല്ലാതരം ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (ക്വുർആൻ 2:164).

ബുദ്ധി ഉപയോഗപ്പെടുത്തുവാനും ചിന്തിക്കുവാനും നൂറിലധികം വചനങ്ങളിലൂടെ അല്ലാഹു കൽപിച്ചതായി കാണാം. അറിവിനെ അല്ലാഹു ആദരിക്കുകയും വിജ്ഞാന സമ്പാദനത്തെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വായന, എഴുത്ത്, ജ്ഞാനസമ്പാദനം എന്നിവയിലൂന്നിക്കൊണ്ടാണ് ക്വുർആനിന്റെ അവതരണം തുടങ്ങിയതു തന്നെ:

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക; നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (ക്വുർആൻ 96:1-5).

കണ്ണും കാതും ഹൃദയവും ചോദ്യം ചെയ്യപ്പെടുമെന്ന് ക്വുർആൻ മുന്നറിയിപ്പു നൽകുന്നു:

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്" (ക്വുർആൻ 17:36).

ചിന്തിക്കാത്ത, കണ്ടും കേട്ടും മനസ്സിലാക്കാത്ത ആളുകൾ മാടുകളെക്കാൾ അധമരാണെന്ന് അല്ലാഹു പറഞ്ഞു: "ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നാം നരകത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്; അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ" (ക്വുർആൻ 7:179).

ബുദ്ധി ഉപയോഗിക്കാത്തവരെ 'നികൃഷ്ടജീവി' എന്നുവരെ വിശേഷിപ്പിച്ചത്കാണാം: "തീർച്ചയായും ജന്തുക്കളുടെ കൂട്ടത്തിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മോശമായവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഊമകളും ബധിരൻമാരുമാകുന്നു" (ക്വുർആൻ 8:22).

## മനുഷ്യൻ അന്ധമായി അനുകരിക്കരുത്

"അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ അല്ല; ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ സ്വീകരിക്കുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ചുമനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻപറ്റുകയാണോ?)" (2:170).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 62, ഭാഗം: 1

# ജുമുഅ

(മദീനയിൽ അവതരിച്ചത്)

يُسَبِّحُ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ
ٱلْمَلِكِ ٱلْقُدُّوسِ ٱلْعَزِيزِ ٱلْحَكِيمِ ﴿١﴾
هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّۦنَ رَسُولًا مِّنْهُمْ
يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ
ٱلْكِتَٰبَ وَٱلْحِكْمَةَ وَإِن كَانُوا۟
مِن قَبْلُ لَفِى ضَلَٰلٍ مُّبِينٍ ﴿٢﴾
وَءَاخَرِينَ مِنْهُمْ لَمَّا يَلْحَقُوا۟ بِهِمْ ۚ
وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣﴾
ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ ذُو
ٱلْفَضْلِ ٱلْعَظِيمِ ﴿٤﴾

1. രാജാവും പരമപരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ അല്ലാഹുവെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു.
2. അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു.
3. അവരിൽപെട്ട ഇനിയും അവരോടൊപ്പം വന്നു ചേർന്നിട്ടില്ലാത്ത മറ്റുള്ളവരിലേക്കും (അദ്ദേഹത്തെ നിയോഗിച്ചിരിക്കുന്നു). അവനാകുന്നു പ്രതാപിയും യുക്തിമാനും.
4. അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് നൽകുന്നു. അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നവനത്രെ.

1). (രാജാവും പരമപരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായവനെ). ആകാശ ഭൂമിയിലുള്ളവരെല്ലാം അവനെ ആരാധിക്കുന്നു. അവന്റെ ആരാധ്യത അംഗീകരിക്കുന്നു. അവന്റെ കൽപനകൾക്ക് കീഴ്പ്പെടുകയും അവനെ പ്രകീർത്തിക്കുകയും ചെയ്യുന്നു.

ഇരുലോകങ്ങളുടെയും അധികാരമുള്ള പൂർണൻ. എല്ലാം അവന്റെ അടിമകൾ, നിയന്ത്രണത്തിലുള്ളവർ. എല്ലാ തകരാറുകളിൽ നിന്നും ന്യൂനതകളിൽ നിന്നും വിശുദ്ധനാക്കപ്പെട്ട പരമ പരിശുദ്ധൻ. എല്ലാ വസ്തുക്കളെയും അടക്കി ഭരിക്കുന്ന പ്രതാപശാലി. തന്റെ സൃഷ്ടിപ്പിലും ശാസനകളിലും യുക്തി മതി. ഈ മഹത്തായ വിശേഷണങ്ങളെല്ലാം പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്നതിലേക്ക് ക്ഷണിക്കുന്നു.

2). (അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ ഒരു ദൂതനെ നിയോഗിച്ചവനാണവൻ). ٱلۡأُمِّيِّـۧنَ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അറബികളും വേദഗ്രന്ഥം നൽകപ്പെടാത്ത, അല്ലാത്തവരുമായ പ്രവാചകത്വത്തിന്റെ യാതൊന്നും ലഭിക്കാത്ത, വേദഗ്രന്ഥമില്ലാത്തവർ എന്നാണ്. അവർക്ക് അല്ലാഹു മറ്റാർക്കും ചെയ്യാത്ത വലിയൊരു അനുഗ്രഹം ചെയ്തു. അവർ നന്മയോ വിജ്ഞാനമോ ഇല്ലാത്തവരായിരുന്നു. (വ്യക്തമായ വഴികേടിൽ) ആയിരുന്നു അവർ. പ്രതിരൂപങ്ങൾക്കും കല്ലുകൾക്കും മരങ്ങൾക്കും ആരാധനയർപ്പിക്കുന്നവർ. ക്രൂരമൃഗങ്ങളുടെ സ്വഭാവങ്ങൾ സ്വീകരിച്ചവർ, ദുർബലനെ ശക്തൻ തിന്നുന്നു. പ്രവാചകന്മാർ നൽകുന്ന അറിവുകളിൽ അവർ അങ്ങേയറ്റം അജ്ഞർ. അങ്ങനെയിരിക്കെ കുടുംബ പാരമ്പര്യത്തെക്കുറിച്ചും സ്വഭാവത്തെ കുറിച്ചും സത്യസന്ധതയെ കുറച്ചുമെല്ലാം അവർക്ക് തന്നെയറിയുന്ന ഒരു ദൂതനെ അല്ലാഹു അവരിൽ നിയോഗിച്ചു. അദ്ദേഹത്തിന്റെ മേൽ വേദഗ്രന്ഥവും ഇറക്കി.

(തന്റെ ദൃഷ്ടാന്തങ്ങൾ അവർക്കു വായിച്ചു കേൾപ്പിക്കുകയും). വിശ്വാസവും ദൃഢതയും അനിവാര്യമാക്കുന്ന ഖണ്ഡിതമായ തെളിവുകൾ (അവരെ സംസ്കരിക്കുകയും) മോശമായ സ്വഭാവങ്ങൾ അവരിൽ നിരുത്സാഹപ്പെടുത്തുകയും ഉത്തമ സ്വഭാവങ്ങൾക്ക് അവരെ പ്രോത്സാഹിപ്പക്കുകയും ചെയ്യുന്നത് അവർ വിശദീകരിച്ച് നൽകാൻ.

(വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ). ഖുർആനിന്റെയും സുന്നത്തിന്റെയും വിജ്ഞാനം, പൂർവികരുടെയും പിൽക്കാലക്കാരുടെയും അറിവുകളുമെല്ലാം അതിലുണ്ട്. ഈ പഠനത്തിനും സംസ്കരണത്തിനും ശേഷം അവർ ഏറ്റവും അറിവുള്ള മനുഷ്യരായി. അല്ല, അവർ അറിവിന്റെയും മതത്തിന്റെയും നായകരായി. വഴിയിലും സന്മാർഗത്തിലും ഏറ്റവും നന്മ നിറഞ്ഞവർ. സ്വഭാവത്തിൽ മനുഷ്യരിൽ പൂർണർ. അവ സൽവഴി സ്വീകരിക്കുകയും മറ്റുള്ളവരെ അതിലേക്ക് നയിക്കുകയും ചെയ്തു. അങ്ങനെ അവർ സന്മാർഗികളുടെ നേതാക്കളായി. സൂക്ഷ്മത പാലിക്കുന്നവരുടെ നായകന്മാരായി. ഈ പ്രവാചക നിയോഗത്തിലൂടെ അല്ലാഹു അവർക്ക് ഉന്നത ദാനവും സമ്പൂർണ അനുഗ്രഹവും നൽകി.



3). (അവരിൽ പെട്ട ഇനിയും അവരോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത മറ്റുള്ളവരിലേക്കും) അവരല്ലാത്തവർക്കും അവൻ അനുഗ്രഹം ചെയ്തു. അതായത് നിരക്ഷരരല്ലാത്ത പിൽക്കാലത്ത് വന്നവരും വേദക്കാരിൽ പെട്ടവരും ആയവർ. (അവരോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത). അതായത് പ്രവാചകന്റെ(സ) പ്രബോധനം ലഭിച്ചവരിലുണ്ട്. മഹത്വത്തിൽ അവരോടൊപ്പമെത്താത്തവർ. അല്ലെങ്കിൽ കാലം കൊണ്ട് അവരോടൊപ്പമല്ലാത്തവർ. രണ്ടർഥവും ഇവിടെ ശരിയാണ്. പ്രവാചകന്റെ നിയോഗ സമയത്തുള്ളവർക്കും അദ്ദേഹത്തിനെ നേരിൽ കണ്ട് സാക്ഷ്യം വഹിച്ചവർക്കും പ്രബോധനം നേരിട്ട് ലഭിച്ചവർക്കും മറ്റൊരാൾക്കും എത്തിപ്പെടാൻ കഴിയാത്ത മഹത്വങ്ങളും പ്രത്യേകതകളും ഉണ്ട്.

4). ഇത് അല്ലാഹുവിന്റെ മഹത്വവും യുക്തിയുമാണ്. തന്റെ ഒരടിമയെയും അലക്ഷ്യമായും അവഗണിക്കപ്പെട്ടവരായും വിട്ടുകളഞ്ഞില്ല എന്നത്. മറിച്ച് അവരിൽ നിന്ന് ഒരു പ്രവാചകൻ നിയോഗിതനാവുകയും അവരോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തു. അത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. അതവൻ ഉദ്ദേശിക്കുന്ന തന്റെ അടിമകൾക്ക് നൽകുന്നു. അവരുടെ ശാരീരിക സൗഖ്യം, ഉജീവനത്തിന്റെ വിശാലത തുടങ്ങിയ ഭൗതിക അനുഗ്രഹങ്ങളെക്കാൾ എത്രയോ ഉന്നതമായ അനുഗ്രഹമാണത്. ശാശ്വത സൗഭാഗ്യത്തിന്റെയും വിജയത്തിന്റെയും കാരണമായ മതമാകുന്ന അനുഗ്രഹത്തെക്കാൾ ഉന്നതമായ മറ്റൊന്നുമില്ല.

അബൂ അമീൻ
mail@nerpatham.com



# ചെറുപ്പമംഗീകരിച്ച് വലിയവരാവുക

**"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു എന്ന് നിങ്ങൾ കണ്ടില്ലേ? പ്രത്യക്ഷവും പരോക്ഷവുമായ അവന്റെ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. വല്ല അറിവോ മാർഗദർശനമോ വെളിച്ചംനൽകുന്ന വേദഗ്രന്ഥമോ ഇല്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്ന ചിലർ മനുഷ്യരിലുണ്ട്" (ക്വുർആൻ 31:20)**

തനിക്ക് അല്ലാഹു നൽകിയ ശേഷികളൊക്കെയും ദൈവികദാനമാണെന്ന് തിരിച്ചറിയാതിരിക്കുമ്പോൾ മനുഷ്യൻ അഹങ്കാരിയും അക്രമിയുമായിത്തീരുന്നു. അതോടെ ആരെയും വകവെക്കാത്ത താന്തോന്നിയായി മാറുന്നു അവൻ.

ഇസ്‌ലാമിലെ ആരാധനാകർമങ്ങളിലും ആഘോഷങ്ങളിൽപോലും ഈയൊരു ബോധം വളർത്തിയെടുക്കുന്നതായി കാണാം. നിത്യേനയാവർത്തിക്കുന്ന നമസ്‌കാരങ്ങളിലും നമസ്‌കാരസമയം അറിയിച്ചുകൊണ്ടുള്ള ബാങ്കുവിളിയിലും 'അല്ലാഹു അക്ബർ' (അല്ലാഹുവാണ് ഏറ്റവും വലിയവൻ) എന്ന ആവർത്തിച്ചുള്ള പ്രഖ്യാപനം കാണാം. താൻ സമ്പാദിച്ചുണ്ടാക്കിയ സമ്പത്തിൽനിന്ന് ദൈവിക നിർദേശപ്രകാരം നിശ്ചിതവിഹിതം സാധുക്കളും ദരിദ്രരുമടക്കമുള്ള അർഹർക്ക് മാന്യമായി നൽകുന്നതിലൂടെയും ഞാനോ എന്റെ സമ്പത്തോ അല്ല മറിച്ച് എനിക്കിതൊക്കെയും നൽകിയ അല്ലാഹുവാണ് വലിയൻ എന്നാണ് സമ്പന്നനായ വിശ്വാസിയും പ്രഖ്യാപിക്കുന്നത്.

വ്രതാനുഷ്ഠാനത്തിലൂടെയും ഹജ്ജ് കർമങ്ങളിലൂടെയും ഇതിന്റെ ആവർത്തനപ്രഖ്യാപനമാണ് നടക്കുന്നത്. ശരീരത്തെയും മനസ്സിനെയും നിയന്ത്രിച്ച് ഇഛകൾക്ക്, കടിഞ്ഞാണിട്ട് സ്രഷ്ടാവായ അല്ലാഹുവിന്റെ പ്രീതിനേടാനായി അധ്വാനിക്കുകയാണ് വ്രതാനുഷ്ഠാനത്തിലൂടെ സത്യവിശ്വാസികൾ.

ത്യാഗത്തിന്റെയും സമർണപ്പണത്തിന്റെയും വ്രതത്തിനുശേഷം നന്ദിയുടെയും സന്തോഷത്തിന്റെയും മനസ്സുമായി പെരുന്നാൾ ആഘോഷിക്കുമ്പോഴും അല്ലാഹു അക്ബർ എന്നാണ് വിശ്വാസികൾക്ക് ഉരുവിടാനുള്ളത്.

ഈ പ്രഖ്യാപനത്തിന്റെ മഹത്ത്വവും ആശയഗാംഭീര്യവും ആത്മാർഥമായി ഉൾക്കൊള്ളുവാൻ നമുക്കാകുന്നുവെങ്കിൽ 'ഞാൻ എന്ന ഭാവം' നമ്മുടെ ബന്ധങ്ങളെ ശിഥിലമാക്കുകയില്ല. ഞാനല്ലാത്ത മറ്റെല്ലാവരും എന്റെ കാൽക്കീഴിൽ വരണമെന്ന ആധിപത്യചിന്തയും അബദ്ധങ്ങളും പിഴവുകളും പൊറുക്കാതിരിക്കാൻ മാത്രം സങ്കുചിതമായ ഇടുങ്ങിയ മനസ്സും നമുക്ക് ഉണ്ടാവുകയില്ല. തക്ബീറിന്റെ ആശയം ആദർശമായി സ്വീകരിക്കാൻ സാധിക്കുന്നെങ്കിൽ ദേഹേഛയും വ്യക്തിതാൽപര്യങ്ങളുമൊക്കെ അല്ലാഹു അക്ബർ എന്ന മഹത് പ്രഖ്യാപനത്തിന് എതിരു പ്രവർത്തിക്കാൻ നമ്മെ സമ്മതിക്കുകയില്ല.

അല്ലാഹുവാണ് ഏറ്റവും വലിയവൻ എന്ന പരമമായ സത്യം അംഗീകരിക്കുന്നതിലൂടെ അവന്റെ മുമ്പിൽ ചെറിയവനാകുവാനും അല്ലാഹുവിന്റെ സ്‌നേഹത്തിനും പരിഗണനക്കും മറ്റെന്തിനെക്കാളും വില കൽപിക്കുവാനും അവനുവേണ്ടി മറ്റുള്ളവരെ സ്‌നേഹിക്കുവാനും അവനുവേണ്ടി അവൻ വെറുക്കുന്നവരെ വെറുത്തകലുവാനും വിശ്വാസിക്ക് സാധിക്കും.

പരമപ്രധാനമായ പരിഗണന സൃഷ്ടികർത്താവായ അല്ലാഹുവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് നൽകി അവന്റെ വിധിവിലക്കുകൾക്കനുസരിച്ച് ജീവിതം ക്രമീകരിച്ച് ഉന്നതരായി വിജയം വരിക്കുവാൻ നാം പരിശ്രമിക്കണം. അതിലാണ് നമ്മുടെ വിജയം.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം




# കാരണങ്ങളെ സമീപിക്കുമ്പോൾ വിശ്വാസി ശ്രദ്ധിക്കേണ്ടത്

നമുക്ക് പലതരത്തിലുള്ള ആവശ്യങ്ങളും ആഗ്രഹങ്ങളുമുണ്ട്. അവ പൂർത്തീകരിക്കാൻ നാം പലമാർഗങ്ങളും ഉപയോഗിക്കാറുമുണ്ട്. സ്രഷ്ടാവ് പ്രകൃതിയിൽ ഓരോ കാര്യത്തിനും പല കാരണങ്ങൾ അഥവാ മാർഗങ്ങൾ നിശ്ചയിച്ചിട്ടുണ്ടായിരിക്കും. പ്രാപഞ്ചികനിയമങ്ങൾ അല്ലെങ്കിൽ കാര്യകാരണ ബന്ധങ്ങൾ എന്ന് നാം പറയാറുള്ളത് ഇത്തരം സംഗതികൾക്കാണ്.

വിശപ്പുമാറാൻ ഭക്ഷണംകഴിക്കുന്നതും ദാഹമകറ്റാൻ വെള്ളംകുടിക്കുന്നതും രോഗംമാറാൻ ചികിത്സിക്കുന്നതുമൊക്കെ അതിന്റെ ഭാഗമാണ്. നാം ലക്ഷ്യം വെക്കുന്ന ഇത്തരത്തിലുള്ള ഓരോ കാര്യവും നേടാൻ അതിന്റേതായ കാരണങ്ങളിലൂടെയാണ് സമീപിക്കേണ്ടത്. അതിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ല. ഈ പ്രപഞ്ചത്തിന്റെ ഭാഗമായ എല്ലാവർക്കും ഈ പ്രാപഞ്ചിക നിയമങ്ങൾ ബാധകമാണ്.

ഇത്തരം ഭൗതിക കാരണങ്ങൾക്കു പുറമെ മത പരമായ ചില കാരണങ്ങൾ കൂടി (അസ്ബാബു ശർഇയ്യ) മതം നമുക്ക് പറഞ്ഞുതരുന്നുണ്ട്. ഉദാഹരണമായി, ഭൗതികലോകത്ത് മനുഷ്യൻ അനുഭവിച്ചേക്കാവുന്ന അഞ്ച് വലിയ വിപത്തുകളും അവയുടെ കാരണങ്ങളും ഉണർത്തിക്കൊണ്ട് നബിﷺ പറഞ്ഞു:

1. 'ഏതൊരു ജനതയിൽ (വ്യഭിചാരം പോലുള്ള) അധാർമികതകൾ പരസ്യമാവുകയും പ്രചരിക്കുകയും ചെയ്യുന്നുവോ അവരിൽ മുൻകാലക്കാർക്ക് പരിചയമില്ലാത്ത മാരകരോഗങ്ങളും ദുരിതങ്ങളും പരക്കുന്നതാണ്.

2.അളവിലും തൂക്കത്തിലും കുറവുവരുത്തിയാൽ വരൾച്ച, സാമ്പത്തിക പ്രതിസന്ധി, ഭരണാധികാരികളുടെ അതിക്രമം എന്നിവ അവരെ പിടികൂടും.

3. സകാത്ത് (നിർബന്ധ ദാനം) കൊടുത്തുവീട്ടാതെ തടഞ്ഞുവെച്ചാൽ വാനലോകത്തുനിന്ന് അവർക്ക് മഴ തടയപ്പെടുന്നതാണ്.

4. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള കരാർ ലംഘിച്ചാൽ അവർക്കെതിരിൽ ശത്രുക്കൾക്ക് അല്ലാഹു ആധിപത്യം നൽകുകയും അവരുടെ അധീനതയിലുള്ളത് ശത്രുക്കൾ അപഹരിക്കുകയും ചെയ്യും.

5. അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് അവരിലെ നായകന്മാർ വിധിപറയാതിരിക്കുകയും അല്ലാഹു അവതരിപ്പിച്ചതിൽനിന്ന് തങ്ങൾക്കിഷ്ടപ്പെടുന്നത് മാത്രം തെരഞ്ഞെടുക്കുകയും ചെയ്താൽ അവർക്കിടയിൽ തന്നെ അല്ലാഹു കുഴപ്പങ്ങൾ ഉണ്ടാക്കും' (ഇബ്നുമാജ, ഹാകിം).

മേൽപറഞ്ഞ കുറ്റകൃത്യങ്ങൾക്ക് അല്ലാഹു ഈ ലോകത്തുതന്നെ ശിക്ഷയായി നൽകിയേക്കാവുന്ന ചില കാര്യങ്ങളാണ് ഈ ഹദീഥ് നമ്മെ ഓർമിപ്പിക്കുന്നത്.

മറ്റൊരിക്കൽ, ദീർഘായുസ്സ് കിട്ടുവാനും ഉപജീവനത്തിൽ വിശാലത കൈവരുവാനും ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ കുടുംബബന്ധം ചേർക്കാൻ നബിﷺ നിർദേശിച്ചതായികാണാം. (ബുഖാരി, മുസ്‌ലിം).

അപ്രകാരംതന്നെ ദാരിദ്ര്യം നീങ്ങാനും പാപങ്ങൾ പൊറുക്കപ്പെടുവാനും ഹജ്ജും ഉംറയും തുടരെ നിർവഹിക്കുവാൻ നബിﷺ നിർദേശിച്ചതും ഹദീഥുകളിൽ വന്നിട്ടുണ്ട് (അഹ്മദ്, തുർമുദി, നസാഇ).

ഒന്നാമത്തെ ഇനത്തിലുള്ള കാരണങ്ങൾ അഥവാ ഭൗതിക കാരണങ്ങൾ അറിയാനുള്ള മാർഗം നമ്മുടെ അനുഭവങ്ങളും ഗവേഷണങ്ങളുമാണ്. എന്നാൽ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഇത്തരം അനുഭവങ്ങൾക്കു പുറമെ തന്റെ മതം അത് അനുവദിക്കുന്നുണ്ടോ ഇല്ലേ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. കാര്യം നടന്നുകിട്ടുക എന്നതിനപ്പുറം കാര്യസാധ്യത്തിനുള്ള മാർഗവും കൂടി നന്നായിരിക്കണമെന്നർഥം. അതായത്, ഭൗതിക കാരണങ്ങളിൽ മതം അനുവദിച്ചതും വിലക്കിയതുമുണ്ടാകും. അനുവദിച്ചത് ഉപയോഗിക്കാം, എന്നാൽ വിലക്കിയത് ഉപേക്ഷിക്കണം.

ഉദാഹരണമായി, ഒരാൾക്ക് വീടുപണിയാനും വാഹനം വാങ്ങുവാനും മക്കളെ പഠിപ്പിക്കുവാനുമൊക്കെയായി കുറെ പണം ആവശ്യമുണ്ട്. പണസമ്പാദനത്തിനായി പലവഴികളും അയാളുടെ മുമ്പിലുണ്ട് താനും. കച്ചവടം, കൃഷി, ജോലി, വാടക മുതലായ വരുമാനമാർഗങ്ങൾക്കു പുറമെ പലിശ, കളവ്, ചതി, കൊള്ള മുതലായ പല വഴികളിലൂടെയും ആളുകൾ പണം സമ്പാദിക്കുന്നതും അയാൾ കാണുന്നു. ഇവയിലൂടെയെല്ലാം ധനം സമ്പാദിക്കുവാനും കാര്യങ്ങൾ നടത്തുവാനും സാധിക്കും. എന്നാൽ ഒന്ന് മതം അനുവദിച്ചതും മറ്റേത് മതം വിലക്കിയതുമാണ്. നിഷിദ്ധമാർഗത്തിലൂടെയുള്ള സമ്പാദ്യം നരകമാണ് നേടിത്തരിക എന്ന് പ്രവാചകൻﷺ താക്കീത് ചെയ്തിട്ടുണ്ട്.

അതിനാൽ കാര്യങ്ങൾ നടക്കണം എന്നതിനുപരി അതിനായി താനുപയോഗപ്പെടുത്തുന്ന മാർഗങ്ങൾ പടച്ചവൻ അനുവദിച്ചതാണോ എന്നുകൂടി ഒരു വിശ്വാസി ഉറപ്പുവരുത്തേണ്ടതുണ്ട്.



അത് അറിയുവാനുള്ള മാർഗം ക്വുർആനും സുന്നത്തും പഠിക്കലാണ്. അഥവാ മതത്തിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കലാണ്. ചുരുക്കത്തിൽ, ക്വുർആനും സുന്നത്തും വിലക്കാത്തതും ഫലം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതുമായ മാർഗങ്ങൾ ഭൗതികവിഷയങ്ങളിൽ നമുക്ക് സ്വീകരിക്കാം.

എന്നാൽ കാര്യസാധ്യങ്ങൾക്കായി മതപരമായ മാർഗങ്ങളായി നാം സ്വീകരിക്കുന്നവ കേവലം മതം വിലക്കാത്തതായാൽ മാത്രം പോരാ. പ്രത്യുത, മതം പഠിപ്പിച്ചതു കൂടിയാകണം. ദീനിന്റെ തെളിവുകളും അധ്യാപനങ്ങളും പിന്തുണക്കാത്തവ നമുക്ക് കാര്യസാധ്യത്തിനുള്ള കാരണങ്ങളായി സ്വീകരിക്കാൻ പറ്റില്ലെന്ന് സാരം.

ഇത്തരത്തിൽ മതം അംഗീകരിക്കാത്ത പല മാർഗങ്ങളും കാര്യസാധ്യത്തിനായി ആളുകൾ ഉപയോഗിക്കുന്നത് കാണാം. വിശപ്പടക്കാൻ അല്ലാഹു നൽകിയ ഭക്ഷ്യപദാർഥമായ പഴം ദുരിതം മാറാൻ കടലിലെറിഞ്ഞയാളുകൾക്ക് എന്ത് പ്രമാണമാണ് സമൂഹത്തിന് സമർപ്പിക്കാനുള്ളത്? അഹ്‌ലുസ്സുന്നയുടെ ഏത് ഇമാമീങ്ങളാണ് ഇങ്ങനെ ഒരു രീതി പഠിപ്പിച്ചത്? മാത്രമല്ല ഇത്തരം പ്രമാണ പിൻബലമില്ലാത്ത കാര്യങ്ങളുടെ പിന്നാലെ പോയി പലതും ചെയ്യുന്ന ആളുകൾ ചിലപ്പോഴൊക്കെ ചെയ്യുന്നത് ഇതിലും ഏറെ ഗുരുതരവും വൻപാപവും ആണെന്നത് പലരും ചിന്തിക്കുന്നില്ല. ഉദാഹരണത്തിന്, ചലർ പറയാറുണ്ട്; ഇന്ന ജാറത്തിൽ പോയി അവിടുന്ന് കിട്ടിയ എണ്ണ ഉപയോഗിച്ചു, അല്ലെങ്കിൽ ചരടുകെട്ടി, അതുപോലെ അവിടെനിന്നുള്ള പലവിധ നിവേദ്യങ്ങളും ഉപയോഗിച്ചപ്പോൾ ആഗ്രഹം സഫലമായി എന്നൊക്കെ. അങ്ങനെയുള്ള സ്ഥലത്ത് പോയതിനാൽ ഏറെ നാളത്തെ കാത്തിരിപ്പിനു ശേഷം കുട്ടിയുണ്ടായതായും രോഗശമനം കിട്ടിയതായുമൊക്കെ പലപല അനുഭവകഥകൾ പറയുന്നവരുണ്ട്.

എന്നാൽ ഇവയൊന്നും മതം അനുവദിച്ചതല്ല. നബിﷺയുടെയും സ്വഹാബത്തിന്റെയും നടപടിക്രമങ്ങളിൽ കാണാനാവുന്നതുമല്ല ഇത്തരം രീതികൾ. അഹ്‌ലുസ്സുന്നയുടെ ഒറ്റ ഇമാമും ഇത്തരം ആചാരങ്ങൾ പഠിപ്പിച്ചിട്ടുമില്ല. അതിനാൽതന്നെ മതത്തെ കച്ചവടച്ചരക്കാക്കുന്ന ആത്മീയ വാണിഭക്കാരായ പുരോഹിതന്മാരാണ് ഇതിനുപിന്നിൽ എന്ന് നാം തിരിച്ചറിയണം.



അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക”(ക്വുർആൻ 9:34).

ഇതിനപ്പുറം ഫലസിദ്ധിയാണ് ന്യായമായി പറയാനുള്ളതെങ്കിൽ ഒന്ന് നാം ഓർക്കുക; കളവ്, ചതി, പലിശ തുടങ്ങിയ മാർഗങ്ങളിലൂടെയും കാര്യങ്ങൾ നടത്താൻ പറ്റാറുണ്ട്. പക്ഷേ, അതുകൊണ്ട് മാത്രം അവയൊക്കെ നമുക്ക് സ്വീകരിക്കാം എന്ന് പടച്ചവനെ പേടിയുള്ള, പരലോകബോധമുള്ള ആരെങ്കിലും പറയുമോ?

ജാറങ്ങളിൽ പോയവർക്ക് മാത്രമല്ല ബഹുദൈവാരാധനയുടെ മറ്റു ഇടങ്ങളായ ധ്യാനകേന്ദ്രങ്ങളിലും തീർഥാടന കേന്ദ്രങ്ങളിലും പോയി നേർച്ചവഴിപാടുകളും തുലാഭാരവുമൊക്കെ നടത്തിയവർക്കും ഇതുപോലെ അനുഭവങ്ങൾ പലതും പറയാനുണ്ടാകും. അതിനാൽ അവയും ചെയ്യാവുന്നതാണെന്ന് ഇസ്‌ലാം മതത്തിൽ വിശ്വാസമുള്ള ആരെങ്കിലും പറയുമോ?

ചുരുക്കത്തിൽ, ഇത്തരം അനുഭവകഥകൾക്കപ്പുറം ഇതൊക്കെ മതം അംഗീകരിച്ചിട്ടുണ്ടോ, സ്വഹാബികളടക്കമുള്ള സച്ചരിതരായ മുൻഗാമികൾ ഇങ്ങനെയൊക്കെ ചെയ്തിട്ടുണ്ടോ എന്നൊക്കെയാണ് നാം പരിശോധിക്കേണ്ടത്.

ഇത്തരം സംഭവങ്ങൾ ഒരു പക്ഷേ, പിശാചിന്റെ ആളുകളിലൂടെ വെളിപ്പെടുന്ന അത്ഭുതങ്ങൾ അഥവാ ‘ഇസ്തിദ്‌റാജ്’ ആയിരിക്കാം. പടച്ചവന്റെ നിശ്ചയം ആ സമയവും പ്രവൃത്തികളുമായി യാദൃച്ഛികമായി ഒത്തുവന്നതാകാം. അതുമല്ലെങ്കിൽ അല്ലാഹു പരീക്ഷിച്ചതാകാം. അങ്ങനെ പല കാരണങ്ങൾകൊണ്ടും ഇത്തരം സംഭവങ്ങൾ ഉണ്ടായേക്കാം.

മതത്തിൽ ഒരുകാര്യം അനുവദനീയമാണോ എന്നറിയാനുള്ള ഏകമാർഗം മതപ്രമാണങ്ങൾ അത് അംഗീകരിച്ചിട്ടുണ്ടോ എന്ന പരിശോധന മാത്രമാണ്. അതിലൂടെ ഇത്തരം കല്ലുംമുള്ളും നമുക്ക് തിരിച്ചറിയാനും കയ്യൊഴിക്കാനും കഴിയും.

മതത്തിന്റെ പ്രമാണങ്ങൾ പിന്തുണക്കാത്ത ഒട്ടേറെ അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ പ്രചരിക്കുന്നത് ഈയൊരു അന്വേഷണവും മതപഠനവും ഇല്ലാത്തതുകൊണ്ടാണ്. ചൊവ്വാഴ്ച ദിവസം, മുഹർറം ഒന്നു മുതൽ പത്ത് വരെ ദിവസങ്ങൾ... അങ്ങനെ പല ദിവസങ്ങൾക്കും ലക്ഷണക്കേട് കാണുന്നതും വിവാഹം, വീടുതാമസം പോലുള്ള പ്രത്യേക പരിപാടികൾ നടത്തുന്നതിനും യാത്രപോകുന്നതിനുമൊക്കെ തടസ്സം കാണുന്നതും 'ദോഷം' ദർശിക്കുന്നതും മറഞ്ഞവഴിയിലൂടെയുള്ള ഗുണംപ്രതീക്ഷിച്ചും ദോഷംഭയന്നും പലതരം ഏലസ്സുകൾ, ഐക്കല്ല് മുതലായവ കെട്ടുന്നതും പ്രത്യേക ചടങ്ങുകൾ നടത്തുന്നതും ഇസ്‌ലാമിക വിശ്വാസത്തിന് കടക വിരുദ്ധമാണ്.

ഇസ്‌ലാം പഠിപ്പിച്ച 'തൗഹീദും' 'തവക്കുലും' ശരിയായ രൂപത്തിൽ ഉൾക്കൊള്ളാൻ സാധിച്ചയാളുകൾ അനുഭവിക്കുന്ന നിർഭയത്വവും സമാധാനവും ഇത്തരം അന്ധവിശ്വാസങ്ങളുടെ ഭാണ്ഡങ്ങൾ പേറുന്നവർക്ക് ഒരിക്കലും കിട്ടുകയില്ല എന്നത് സത്യമാണ്.

ഇസ്‌ലാമിന്റെ നിർഭയത്വം ശരിക്കും അനുഭവിച്ച ഖലീലുല്ലാഹി ഇബ്‌റാഹീം നബിﷺയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ക്വുർആൻ പറയുന്നത് കാണുക:

"നിങ്ങൾ അല്ലാഹുവിനോട് പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്ക് ചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ. വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:81,82).

കാര്യകാരണബന്ധങ്ങൾക്കതീതമായി നമ്മുടെ ജീവിതത്തിൽ ഇടപെടാനും ഉപകാരമോ ഉപദ്രവമോ വരുത്തുവാനും സ്രഷ്ടാവായ അല്ലാഹുവിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അതിനാൽ മറഞ്ഞവഴിയിലൂടെ ഉപകാരം കിട്ടാനുള്ള തേട്ടം അഥവാ പ്രാർഥന മുഴുവനും അല്ലാഹുവിനോടെ ആകാവൂ എന്ന് ഇസ്‌ലാം അതിശക്തമായി നിഷ്‌ക്കർശിക്കുന്നു.

അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചുപ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പിൻമുറക്കാരാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (ക്വുർആൻ 27:62).

"(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ" (ക്വുർആൻ 6:17).

"നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 10:107).

മറ്റുള്ളവരോടുള്ള പ്രാർഥനയുടെ ബാലിശത ക്വുർആൻ പലയിടത്തും തുറന്നു കാട്ടിയിട്ടുണ്ട്:

"അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും ൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു" (ക്വുർആൻ 13:14).

ഇസ്‌ലാം പഠിപ്പിച്ച ശരിയായ വിശ്വാസ, ആദർശങ്ങൾ സ്വീകരിച്ച് ഇരുലോകത്തും വിജയംവരിക്കാൻ അല്ലാഹു നമുക്ക് 'തൗഫീക്' നൽകട്ടെ!

ലേഖനം

മൂസ സ്വലാഹി, കാര
moosakara001@gmail.com



അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 15

# ഖലീഫാ ഉമറിന്റെ കടലാസും കടലിലെറിയപ്പെട്ട പഴവും

**കൊ**റോണ മഹാമാരി ലോകത്തെ വരിഞ്ഞുമുറുക്കിയ സാഹചര്യത്തിലും മുസ്‌ലിം സമൂഹത്തിന്റെ വിശ്വാസ, കർമ മേഖലകളെ ശിർക്ക്, ബിദ്അത്തുകൾകൊണ്ട് ചൂഷണംചെയ്യുക എന്ന പൗരോഹിത്യത്തിന്റെ പതിവ് സമ്പ്രദായം ഇടവിടാതെ തന്നെ തുടരുന്നു എന്നത് ആശ്ചര്യകരമാണ്. 2020 ജൂലൈ 17ന് 'മലയാള മനോരമ' ദിനപത്രത്തിൽ 'സമൃദ്ധിക്കായി പുതിയങ്ങാടി കടപ്പുറത്ത് പ്രാർഥന' എന്ന തലവാചകത്തിൽ വന്ന വാർത്ത ഇപ്രകാരമാണ്: 'കടലോര മക്കളുടെ ദുരിതമകറ്റാൻ പുതിയങ്ങാടി കടപ്പുറത്ത് നടന്ന കൂട്ടപ്രാർഥനയ്ക്ക് പാണക്കാട് ബഷീറലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി. പുതിയങ്ങാടി ഭണ്ഡാര കമ്മിറ്റി, കടക്കോടി തൊഴിലാളി സംരക്ഷണ സമിതി എന്നിവയുടെ നേതൃത്വത്തിലാണ് പ്രാർഥന നടത്തിയത്. മത്സ്യസമൃദ്ധിക്കായി കടലിലേക്കു പഴമെറിയൽ ചടങ്ങും നടന്നു. വർഷങ്ങളായി മഴക്കാലത്ത് കടലോരമക്കളുടെ സമൃദ്ധിക്കും മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും പുതിയങ്ങാടി കടപ്പുറത്ത് കൂട്ടപ്രാർഥന നടന്നുവരുന്നു.'

ഇതെല്ലാം മതത്തിന്റെ പേരിലാണെന്നതും ഇല്ലാത്ത തെളിവുകൾ ഉയർത്തിക്കാട്ടി പൗരോഹിത്യം ഇതിനെയെല്ലാം വെളുപ്പിക്കാൻ നോക്കുന്നു എന്നതും ഇസ്‌ലാമിനുതന്നെ വലിയ നാണക്കേടാണ്. മാത്രവുമല്ല വർഷംതോറും ഒരേകുടുംബത്തിൽനിന്ന് നിശ്ചയിക്കപ്പെടുന്ന ആൾ ഒരേദിനത്തിൽ ഒരേസ്ഥലത്തു വെച്ച് നടത്തിവരുന്ന ഈ ആചാര പ്രകാരം അടുത്ത ഇതേസമയം വരെ ആ പ്രദേശത്ത് ദുരിതങ്ങളും ദുരന്തങ്ങളും സംഭവിക്കുകയില്ലെന്ന വിശ്വാസവുമാണ് ഇതിന്റെ പിന്നിലുള്ളത്. ആരാധനയുടെ ഭാഗമായി വരുന്ന ബറകത്തിനെ മറയാക്കി സമൂഹത്തിൽ ചിലർക്ക് നൽകപ്പെട്ട അപ്രമാദിത്വവും അല്ലാഹു വിധിച്ചതിലുള്ള വിശ്വാസമില്ലായ്മയും മൂഢവിശ്വാസങ്ങളെ കണ്ണുചിമ്മി സ്വീകരിക്കുന്നതുമാണ് ഇത്തരം വഞ്ചനകളിൽ അകപ്പെടാനുള്ള മൂലകാരണം.

അല്ലാഹു പറയുന്നു: "ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽതന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു"(57:22).

നബിﷺ ഇബ്നുഅബ്ബാസി(റ)നെ ചെറുപ്പത്തിൽ തന്നെ പഠിപ്പിച്ച വിശ്വാസപാഠങ്ങൾ പോലും തിരിയാത്തവരായല്ലോ ഇവർ! നബിﷺ പറഞ്ഞു: 'പൊന്നുമോനേ, ഞാൻ നിനക്ക് ചില വചനങ്ങൾ പഠിപ്പിക്കാം. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുന്നുവെങ്കിൽ നിന്റെ മുന്നിൽ അവനെ കണ്ടെത്താൻ സാധിക്കും. നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവോട് സഹായം തേടുക. നീ അറിയുക; നിനക്ക് വല്ല ഉപകാരവും ചെയ്യാൻ ജനങ്ങൾ മുഴുവനും ഒരുമിച്ചുകൂടിയാലും അല്ലാഹു നിനക്ക് രേഖപ്പെടുത്തിയതല്ലാതെ അവർക്ക് യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല. ഇനി അവർ നിനക്ക് വല്ല ഉപദ്രവവും വരുത്താൻ ഒരുമിച്ചുകൂടിയാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ യാതൊന്നും ചെയ്യാൻ അവർക്ക് സാധിക്കുകയില്ല. പേനകൾ ഉയർത്തപ്പെടുകയും ഏടുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു" (തിർമിദി).

അടിമകളുടെ ജീവിതത്തിൽ പരീക്ഷണമെന്നോണം ഉപകാരവും ഉപദ്രവവും അല്ലാഹു തീരുമാനിക്കുന്നതിൽ മറ്റാർക്കും ഇടപെടാനോ അതിനേ തടയാനോ സാധിക്കുകയില്ല. അല്ലാഹു പറയുന്നു:

"നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കംചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 10:107).

പ്രാർഥനയും ഭരമേൽപിക്കലും ഏതു സന്ദർഭത്തിലും അല്ലാഹുവിൽ മാത്രമാകണമെന്നത് ഇസ്‌ലാമിന്റെ അധ്യാപനമാണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

അല്ലാഹു പറയുന്നു: "പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെമേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്" (ക്വുർആൻ 9:51).

സർവതിനെയും സൃഷ്ടിച്ച് പരിപാലിക്കുന്ന അന്നദാതാവും അതിൽ വിശാലതയേകുന്നവനും അല്ലാഹുവാകയാൽ ഉപജീവനമാർഗം നൽകുന്നതിൽ ഏറ്റവ്യത്യാസമുണ്ടാവുക എന്നത് അവന്റെ യുക്തിയുടെയും നീതിയുടെയും ഭാഗമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവാണ് തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനമാർഗം വിശാലമാക്കുന്നതും താൻ ഉദ്ദേശിക്കുന്നവർക്ക് അത് ഇടുങ്ങിയതാക്കുന്നതും. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ" (ക്വുർആൻ 29:62).

പ്രതിസന്ധിഘട്ടങ്ങളിൽ പ്രാർഥിക്കപ്പെടേണ്ടവനും ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ പ്രതീക്ഷിക്ഷപ്പെടേണ്ടവനും അല്ലാഹു മാത്രമാണെന്ന ദൃഢവിശ്വാസം ദുർബലപ്പെട്ടുകൂടാ. അവനിൽ ഭരമേൽപിക്കുന്നവർക്കും സൂക്ഷ്മത പാലിക്കുന്നവർക്കും അല്ലാഹുതന്നെ മതിയായവനാണ്. അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചുപ്രാർഥിച്ചാൽ അവന്ന് ഉത്തരംനൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങ

ളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (ക്വുർആൻ 27:62).

അബൂതമീമ അൽഹുജൈമിﷺ ബൽഹുജൈക്കാരനായ ഒരാളിൽനിന്ന് ഉദ്ധരിക്കുന്നു; അദ്ദേഹം പറഞ്ഞു: "താങ്കൾ ആരിലേക്കാണ് ക്ഷണിക്കുന്നതെന്ന് ഞാൻ അല്ലാഹുവിന്റെ തിരുദൂതരോട് ചോദിച്ചു. പ്രവാചകൻല പറഞ്ഞു: 'നിനക്ക് വല്ല ഉപദ്രവവും ബാധിച്ച് നീ പ്രാർഥിച്ചാൽ നിന്റെ പ്രയാസം നീക്കിത്തരുന്ന, മരുഭൂമിയിൽ വഴിതെറ്റി നീ പ്രാർഥിച്ചാൽ വഴികാണിക്കുന്ന, നിനക്ക് ക്ഷാമം ബാധിച്ച് നീ പ്രാർഥിച്ചാൽ ചെടിമുളപ്പിച്ച് തരുന്ന ഏകനായ അല്ലാഹുവിലേക്ക് മാത്രമാണ് ഞാൻ ക്ഷണിക്കുന്നത്"(അഹ്മദ്).

എല്ലാവർക്കും മതിയായവനിൽ ഭരമേൽപിക്കാതെ സൃഷ്ടികളിൽ അഭയം കണ്ടെത്തി സായൂജ്യമടയാൻ നോക്കുന്നത് അല്ലാഹുവിന്റെ കൽപനയെ അവഗണിക്കലും വൻപാപത്തിന് ഇരയാകലുമാണ്.

നബിﷺ മക്കാമുശ്‌രിക്കുകൾക്ക് മുമ്പിൽ പ്രഖ്യാപിച്ച ശുദ്ധതൗഹീദും സ്വഹാബത്തിന് നൽകിയ ഉദ്‌ബോധനവുമാണ് എപ്പോഴും വിശ്വാസികൾക്ക് ആശ്വാസം.

അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചു വെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെമേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്" (ക്വുർആൻ 39:38).

ഉമറുബ്‌നുൽ ഖത്വാബിൽനിന്ന് നിവേദനം: "നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കേണ്ട മുറപ്രകാരം ഭരമേൽപിക്കുകയാണെങ്കിൽ, ഒട്ടിയവയറുമായി പ്രഭാത്തിൽ പുറപ്പെട്ട് നിറവയറോടെ പ്രദോഷത്തിൽ കൂടണയുന്ന പക്ഷിയെ പോലെ നിങ്ങൾക്ക് ഉപജീവനം നൽകപ്പെടുമായിരുന്നു" (തിർമിദി).

ഇത്രയും മഹത്ത്വപൂർണമായ മതാധ്യാപനങ്ങളെ ചവിട്ടിമെതിച്ചുകൊണ്ടാണ് പുത്തനാചാരങ്ങൾക്കിവർ ഒത്താശയൊരുക്കുന്നത്.

സമൃദ്ധിക്ക് വേണ്ടി കടലിലേക്ക് പഴമെറിഞ്ഞതിനെ ഇസ്‌ലാമികമാക്കാൻ പുരോഹിതന്മാർ പുതുതായി തപ്പിയെടുത്ത ഉമർﷺ നൈൽ നദിയിലേക്ക് കടലാസ് എറിഞ്ഞു എന്ന കഥയുടെ ചുരുക്കം ഇങ്ങനെയാണ്: ഖൈസ് ഇബ്‌നുൽ ഹജ്ജാജ് തന്റെ ശൈഖിൽനിന്നും ഉദ്ധരിക്കുന്നതായി ഇബ്‌നുലുഹൈഅ വഴി വന്ന റിപ്പോർട്ട് ഇബ്‌നുകഥീർ(റഹി) ഉദ്ധരിക്കുന്നു: 'ഈജിപ്ത് മുസ്‌ലിംകൾ കീഴടക്കിയപ്പോൾ ബുഅന മാസത്തിൽ (ഈജിപ്തുകാരുടെ കലണ്ടർ പ്രകാരമുള്ള ഒരു മാസമാണിത്) അവിടുത്തെ നിവാസികൾ അംറുബ്‌നുൽ ആസിﷺന്റെ അടുത്തേക്ക് വന്നുകൊണ്ട് പറഞ്ഞു: 'അമീർ, നൈൽ നദി ഒഴുകുന്നതിനായി ഒരു കാര്യം ചെയ്യാറുണ്ട്. അത് ചെയ്യാതെ നൈൽ ഒഴുകാറില്ല.' 'അതെന്താണ്?' അദ്ദേഹം ചോദിച്ചു. അവർ പറഞ്ഞു: 'ഈ മാസത്തിൽനിന്ന് പന്ത്രണ്ട് ദിനങ്ങൾ പിന്നിട്ടാൽ ഞങ്ങൾ ഒരു കന്യകയെ കണ്ടെത്തുകയും അവളുടെ മാതാപിതാക്കളെ തൃപ്തിപ്പെടുത്തിയതിന് ശേഷം ഏറ്റവും നല്ല ആഭരണങ്ങളും വസ്ത്രങ്ങളുമെല്ലാം ധരിപ്പിച്ച് ഞങ്ങൾ അവളെ നൈൽ നദിയിലേക്കെറിയുകയും ചെയ്യും.' അംറ്ﷺ അവരോട് പറഞ്ഞു: 'നിശ്ചയം, ഇത് ഇസ്‌ലാമിലുണ്ടാവുകയില്ല. കാരണം ഇസ്‌ലാം അതിന് മുമ്പുള്ളതിനെ തകർക്കുന്നു.' അങ്ങനെ ബുഅന, അബീബ്, മസ്‌റ എന്നീ മാസങ്ങൾ കടന്നുപോയി. നൈൽനദി കൂടുതലായോ കുറവായോ ഒഴുകിയില്ല. അവർ ഒരുമിച്ച് പുറപ്പെടാൻ തീരുമാനിച്ചപ്പോൾ അംറ്ﷺ ഉമറുബ്‌നുൽ ഖത്വാബിന് ഈ വിഷയം വിവരിച്ചുകൊണ്ട് കത്തെഴുതി. ഉമർﷺ അദ്ദേഹത്തിന് ഇപ്രകാരം മറുപടി നൽകി: 'തീർച്ചയായും താങ്കൾ ചെയ്ത പ്രവൃത്തി ശരിയാണ്. എന്റെ കത്തിനകത്ത് ഞാനൊരു കാർഡ് കൊടുത്തയക്കുന്നുണ്ട്. താങ്കളത് നൈൽ നദിയിലിടണം.' അങ്ങനെ ഉമറിﷺന്റെ കത്ത് ലഭിച്ചപ്പോൾ അംറ്ﷺ പ്രസ്തുത കാർഡ് എടുക്കുകയും നൈൽ നദിയിലെറിയുകയും ചെയ്തു. അതിൽ ഇപ്രകാരം എഴുതിയിരുന്നു: 'അല്ലാഹുവിന്റെ ദാസനായ അമീറുൽ മുഅ്മിനീൻ ഉമറിൽനിന്നും ഈജിപ്തുകാരുടെ നൈൽ നദിക്ക് എഴുതുന്നത്: നീ നിന്റെ ഇഷ്ടത്തിനാണ് ഒഴുകുന്നതെങ്കിൽ നീയിനി ഒഴുകേണ്ടതില്ല. നിന്റെ ആവശ്യവും ഞങ്ങൾക്കില്ല. ഇനി നീ ഒഴുകുന്നത് സർവാധിനാഥനും അതുല്യനുമായ അല്ലാഹുവിന്റെ കൽപനപ്രകാ

രമാണെങ്കിൽ, അവനാണല്ലോ നിന്നെ ഒഴുക്കുന്നത്, ഞങ്ങൾ നിന്നെ ഒഴുക്കാൻ അല്ലാഹുവിനോട് ചോദിക്കുന്നു.'

അങ്ങനെ ശനിയാഴ്ച്ച ദിവസത്തിൽ ആറ് മുഴത്തോളം ഉയരത്തിൽ നൈൽ ഒഴുകി. ഈജിപ്തുകാരുടെ ആ ചര്യയെ ഇന്നുവരേക്കും അല്ലാഹു മുറിക്കുകയും ചെയ്തു" (അൽബിദായ വന്നിഹായ: 7/114-115).

ഈ സംഭവം സ്വീകാര്യയോഗ്യമല്ലെന്നതും ആണെന്നു സങ്കൽപിച്ചാൽ തന്നെ പുരോഹിതന്മാർ ചെയ്തുപോരുന്ന ആചാരത്തിന് ഇത് തെളിവല്ലെന്നതും നമുക്കിങ്ങനെ സംഗ്രഹിക്കാം:

1. ഇതിന്റെ പരമ്പരയിലെ അബ്ദുല്ലാഹിബ്നു ലുഐഹ എന്ന വ്യക്തി ദുർബലനാണെന്ന് ഇമാമുമാരായ തിർമിദി(റഹി), നസാഈ(റഹി), ഇബ്നുഹിബ്ബാൻ(റഹി), യഹ്‌യബ്നു മഹീൻ(റഹി) എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ ഇദ്ദേഹം മുദല്ലിസ്സും (ആരിൽനിന്നാണോ ഉദ്ധരിക്കുന്നത് അദ്ദേഹത്തെ മറച്ചുവെക്കുന്നയാൾ) ഇഖ്തിലാത്ത്(കൂടിക്കലരൽ) സംഭവിച്ച ആളുമാണ്. ഖൈസ് ഇബ്നുൽ ഹജ്ജാജ് ചില സന്ദർഭങ്ങളിൽ മുർസലായും ചിലപ്പോൾ അദ്ദേഹത്തിന്റെ ശൈഖിൽ നിന്നും ഉദ്ധരിക്കാറുണ്ട്. അദ്ദേഹത്തിന്റെ ശൈഖുമാർ ആരെന്ന് അറിയപ്പെടാത്തവരുമാണ്. സംഭവം സ്വഹീഹല്ലെന്ന് (സ്വീകാര്യയോഗ്യമല്ലെന്ന്) വ്യക്തം.

2. ജാഹിലിയ്യത്തിലെ അന്ധവിശ്വാസത്തെ നിർമാർജനം ചെയ്യുന്ന സംഭവമാണിത്, അല്ലാതെ ശിർക്കൻ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതല്ല.

3. ഉമറിﷺന്റെ എഴുത്തിലുള്ളത് തൗഹീദിന്റെ സന്ദേശമാണ്, ശിർക്കിന്റെ വിളംബരമല്ല.

4.എക്കാലത്തേക്കുമായി അനിസ്‌ലാമികതയെ അവസാനിപ്പിച്ചതിനുള്ള തെളിവാണിത്. പുത്തനാചാരങ്ങളിൽ തളച്ചിടാനുള്ളതല്ല.

5. നൈൽ നദിയിലേക്ക് ഉമർﷺ കടലാസ് എറിഞ്ഞു എന്നതും അംറുബ്നുൽ ആസ്ﷺ കാണിച്ചതാണ് തങ്ങൾ ചെയ്തതെന്നുമുള്ള പ്രചാരണങ്ങൾ വ്യാജമാണ്.

6. നദിയുടെ സമൃദ്ധമായ ഒഴുക്കിന് വേണ്ടി അല്ലാഹുവിനോട് ചോദിക്കുന്നു എന്നാണ് ഉമർﷺ എഴുതിയത്, എന്റെ ബറകത്തുകൊണ്ട് ഒഴുകൂ എന്നല്ല.

7. ഈജിപ്തുകാർ ശീലിച്ച ശിർക്കൻ വിശ്വാസം നിലച്ചു എന്നതാണ് ചരിത്രം. ഇവിടെ ചിലരാകട്ടെ വാശിമൂത്ത് ശിർക്കിനെ സ്ഥാപിക്കുകയുമാണ്.

പല ഗ്രന്ഥങ്ങളിലും ഇത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ടല്ലോ എന്നാണ് മറ്റൊരു ന്യായീകരണം. ശരിയാണ്. എന്നാൽ അവരാരും ഈ സംഭവത്തെ മുൻനിർത്തി ഇതുപോലുള്ള വിശ്വാസം സ്ഥാപിക്കാൻ ശ്രമിച്ചിട്ടില്ല. ആര് പറഞ്ഞു എന്നതല്ല പരമ്പര കുറ്റമറ്റതാകലാണ് പ്രധാനം. ഗ്രന്ഥത്തെ കുറിച്ചോ ഗ്രന്ഥരചനാ ശൈലിയെ കുറിച്ചോ അറിയുന്നവർ ചോദിക്കേണ്ട ചോദ്യമല്ലയിത്. അവർ രേഖപ്പെടുത്തിയ ഹദീഥുകളിലോ, ചരിത്രസംഭവങ്ങളിലോ നിർമിക്കപ്പെട്ടവയോ ദുർബലമായതോ ഉണ്ടെങ്കിൽ അതുകാരണം അവരെ ചോദ്യം ചെയ്യാനോ പഴിചാരാനോ കഴിയില്ല. കാരണം പരമ്പര പറയുന്നതോടുകൂടി അതിന്റെ ഉത്തരവാദിത്തത്തിൽനിന്നും അവർ മുക്തരായി. പരമ്പര പരിശോധിക്കേണ്ട ബാധ്യത നമ്മുടേതല്ലേ? ഇത്തരം വാക്കുകൾ അവലംബിച്ച് സമൂഹത്തെ ശിർക്കിലേക്ക് നയിക്കുന്നത് കടുത്ത അപരാധമല്ലാതെ മറ്റെന്താണ്?

പ്രാർഥനയും ഇസ്തിഗാസയും അല്ലാഹുവല്ലാത്തവരോട് നടത്തുക, ക്വബ്‌റുകൾ കെട്ടിപ്പൊക്കുക, അവിടം ആരാധനാകേന്ദ്രമാക്കുക, തെളിവില്ലാതിരുന്നിട്ടും നമസ്കാരാനന്തരം കൂട്ടപ്രാർഥന നടത്തുക, മയ്യിത്തിനരികിൽ യാസീൻ ഓതുക തുടങ്ങി എത്രയോ അനാചാരങ്ങൾ, ഈ പഴം കടലിലെറിഞ്ഞ് സമൃദ്ധിയാഗ്രഹിക്കുന്നവർ ചെയ്തുകൊണ്ടിരിക്കുന്നു!

ഇമാം ശാഫിഈ(റഹി)യുടെ മദ്ഹബ് പിൻപറ്റുന്നവരാണെന്ന് അവകാശപ്പെടുന്ന ഇവർ വാസ്തവത്തിൽ ആ പറയുന്നതിനോട് പോലും മാന്യത പുലർത്തുന്നില്ല. കാരണം ഇമാം ശാഫിഈ പഠിപ്പിച്ചതിനെതിരാണ് അവർ ചെയ്യുന്ന പലതും.

'തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്നപക്ഷം അവന്ന് വഴികാട്ടാൻ ആരുമില്ല" (ക്വുർആൻ 39:36).

ഈ തൗഹീദിന്റെ സന്ദേശത്തെ ആത്മാർഥതയോടെ നെഞ്ചോടുചേർത്ത് ജീവിക്കുവാൻ വിശ്വാസി സമൂഹത്തിനാകണം.

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# അല്ലാഹുവിൽ അഭയം



അഖിലത്തിന്നധിപനാം അല്ലാഹുവിന്നെ
അറിഞ്ഞാരാധനക്കുര ചെയ്തു നാഥൻ
അതിനായയച്ചല്ലോ കാരുണ്യ ദൂതരെ
ആലം മുഴുക്കെ അറിയിച്ചിടുവാൻ
(അഖില)

പ്രപഞ്ചത്തിൻ നാഥനാം പരമോന്നതന്റെ
പരിശുദ്ധ നാമങ്ങൾ പതിവായ് പറഞ്ഞ്
പ്രാർഥന ഉപരിയിലേക്കുയർന്നാൽ
പരിഹാരമുറപ്പെന്നറിഞ്ഞുവെക്കൂ
(അഖില)

മാനവരാശി തൻ ജീവിത വഴിയിൽ
മോഹഭംഗങ്ങൾ വന്നുഭവിക്കുമ്പോൾ
മറുവഴികൾ തേടി പോകരുതേ എന്ന്
മാനവരോടായ് മൊഴിഞ്ഞു നബീ
(അഖില)

പോരിശ പാടി നടക്കുന്നു മണ്ണിൽ
പ്രാർഥന മാറി പോകുന്നു പാരിൽ
പാപികളായ് മാറുന്നു മഹിയിൽ
പാപമോചനവുമകലുന്നു വിണ്ണിൽ
(അഖില)

ആലിമുൽഗൈബേ നിൻ തിരുസവിധത്തിൽ
ആലംബഹീനരാം ഞങ്ങളിൽ നിന്നും
അരുതായ്മകൾ വന്നാൽ അറിഞ്ഞു നീ തന്നെ
ആഗ്രഹം പോലെ പൊറുത്തുനൽകല്ലാ
(അഖില)




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- വിജയികളുടെ വിലാസം മൊബൈൽ നമ്പർ വച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 183

**ഒന്നാം സമ്മാനം:**
Rishad, Kochi

**രണ്ടാം സമ്മാനം:**
Safoora AP, Dubai

**മൂന്നാം സമ്മാനം:**
Abdul Majeed K, Kalapakanchery

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 AUGUST 01


Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
# നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ശനിയാഴ്ച 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**